


SOUTH INDIAN INSCRIPTIONS 1

Karnataka .Coastal Karnataka and Others



(Cover page Emblem of erstwhile Travancore State.)

JANUARY 1, 2012

Dr Suvarna Nalapat Trust for Education and Research is a Charitable Institution registered under Charitable society act.

ലിഖിതങ്ങൾ:-

ആലൂപലിഖിതങ്ങൾ:-

1. പോളാലിമരു(കരിയങ്കാല) ദക്ഷിണകന്നഡ മംഗലാപുരം താലൂക്കിലെ പൊലളിഅമ്മുനങ്കേക്ക് അടുത്ത്. വയലിലെ ശിലയിൽ. രണസാഗരൻ കൈരവംശത്തിലെ നാഗമ്മനു സമ്മാനമായി നാട്ടിയത്. പേഭയന്റെ സൈന്യത്തെ നശിപ്പിക്കുന്നതിൽ മഹേന്ദ്രനെപ്പോലെ ധീരനായിരുന്നു നാഗമ്മനെന്ന് എഴുതിയിരിക്കുന്നു.(8ആം നൂറ്റാണ്ട്)
2. കുന്ദാപുരം താലൂക്കിലെ മഹാലിംഗേശ്വരക്ഷേത്രം . ശകവർഷം 1077 . കവിയാലൂപേന്ദ്രകാലം. ഭാസുരേപുരത്തം നകാരേശ്വരന് മൌനയോഗിയുടെ ഭൂദാനം
3. പാണ്ഡ്യചക്രവർത്തി കുലശേഖരതേവകാലം. 1176 എഡി ഭാസുരേന്ദ്രനകാരേശ്വരന് ചന്ദ്രബ്ബയുടെ ദാനം
4. കോടീശ്വരക്ഷേത്രം കുന്ദാപുരം .അകത്തെ പ്രാകാരത്തിൽ കിഴക്കുവശത്തെ സ്ലാബ് 1261 എഡി. വീരപാണ്ഡ്യതേവആലൂപേന്ദ്രതേവനും പട്ടമഹാതേവിയും ഭരിക്കുന്ന കാലം. വൊഡ്ഡമ്മശ്രീദേവ, നരസിംഹവെർഗ്ഗഡേ, ഉദ്യോഗസ്ഥവൃന്ദം, പുരോഹിതന്മാർ, കുടികുരു മുന്നൂറ്റവർ, അതിന്റെ ഹെഗ്ഗഡേ, കോടിമേലാന്തം ഇവരെല്ലാം ചേർന്ന് കുടിക്കൂരിലെ ആകെ നികുതി 180 ഗഡ്യാനമെന്ന് നിശ്ചയിച്ച് ലിഖിതം സ്ഥാപിച്ചു.
5. കുന്ദേശ്വരക്ഷേത്രപ്രാകാരത്തിൽ സ്ലാബ്. 1262 പട്ടമഹാതേവി, പാണ്ഡ്യതേവആലൂപേന്ദ്രതേവരശനെന്നിവർ ബാർഹകന്യാപുരത്ത് വാഴുന്നു. വൊഡ്ഡമാതേവ, നരസിംഹഹെഗ്ഗഡേ, ഉദ്യോഗസ്ഥർ,ഇവർ കുന്ദാപുരത്തെ നികുതി 140 ഗഡ്യാനമെന്ന് നിശ്ചയിച്ചു.
6. കോടീശ്വരക്ഷേത്രം അകത്തേ പ്രാകാരത്തിലെ വടക്കേ വരാന്തയിലെ സ്ലാബ്. പാണ്ഡ്യചക്രവർത്തി വീരതേവആൾവ, നാരായണതേവന് (വിഷ്ണു) നെല്ല് സമ്മാനമായി കൊടുത്ത രേഖ.
7. ദുർഗ്ഗാപരമേശ്വരിക്ഷേത്രം പൊലാലി അമ്മുനജേ. മംഗലാപുരം താലൂക്ക്. ധ്വജസ്തംഭത്തിനടുത്തെ സ്ലാബ്. കുലശേഖരപാണ്ഡ്യപട്ടിഗതേവന്റെ കാലം. ബീരവാടി,മേലവാടി എന്ന് രണ്ടുസ്ഥലനാമം പറയുന്നു.
8. കരിയലംഗയിൽബടക്കബൈയിൽ പാടത്ത് നാട്ടിയകല്ല്. കുമാരപാണ്ഡ്യ ജയസിംഗരശകാലം. ഹോലാൽഭട്ടാരകിക്ക് പാണ്ഡിക്കാരുനിലം സമ്മാനം.

ചോളകന്നഡലിഖിതം

9. പുംഗനൂർജമീന്ദാരി ചിറ്റൂർജില്ല. കർഷണപ്പള്ളി വയലിലെ സ്ലാബ്. ശെംബിയൻ മഹാബലി ബാണരശന്രേയും പുലിനാട് അറുപത് ഭരിക്കുന്ന വിക്കിയണ്ണന്റെയും പേരുകളുണ്ട്. പല്ലവദവളയുമായുള്ള യുദ്ധത്തിൽ വിക്കിയണ്ണനും മറ്റൊരു യോദ്ധാവും മരിച്ചു. സഹോദരൻ കുന്ദിഗൻ നാട്ടിയ കല്ല്. ശെംബിയൻ മഹാബലിബാണരശൻ ചോളപരാന്തകൻ ഒന്നാമന്റെ സാമന്തനായിരുന്നു.
10. കോടീശ്വരം മടക്കശിര താലൂക്ക് അനന്തപൂരം ജില്ല. ആഞ്ജനേയസ്വാമി ക്ഷേത്രം തൂൺ. രാജേന്ദ്രതേവചോളന്റെ 10ആം വർഷം. മണ്ഡപം കെട്ടിയത് തിരൈമൂർമാടിലെ ചാത്തമംഗലം മുഖ്യനും സേനാധിപനുമായ അരേയം രാജരാജൻഎന്ന വിക്രമചോളചോളീയവാരിയം. തമിഴും കർണ്ണാടകവും ചേർന്ന ലിപി.
11. പുംഗനൂർജമീന്ദാരി വയലിലെ സ്ലാബ്. രാജേന്ദ്രചോളകാലത്ത് മുത്തുക്കുരുവിലെ കിട്ടീയഗൌണ്ടന്റെ മകൾ നടുലബ്ബേ മരിച്ചപ്പോൾ നാട്ടിയത്.
12. പെദ്ദതിപ്പസമുദ്രം മദനപ്പള്ളി താലൂക്ക് ചിറ്റൂർജില്ല. യെനുഗാരത്തിമഡി വയലിലെ ശിവക്ഷേത്രാവശിഷ്ടത്തിലെ സ്ലാബ്. 1057 എഡി. ചോളപരകേസരിപന്മൻ വിജയരാദേന്ദ്രചോളതേവകാലം. മാടമ്പുത്ത് 12ലെ കോവർമ്മരാഗന്റെ പുത്രനായ ബമ്മരശൻ വലിയ സൈന്യത്തോട് ഏറ്റുമുട്ടി വീരമൃത്യു വരിച്ചു.
13. കമ്മസമുദ്രം ഗ്രാമത്തിന്റെ നടുവിലെ സ്ലാബ്.
14. ജോഡിദലസിഗെരെയിലെ ചിറയുടെ അടിയിലെ സ്ലാബ
15. സിദ്ധനഹള്ളി ചിറയിൽ അടുത്തുള്ള സ്ലാബ്
16. മരസനഹല്ലി ചിറയിലെ തടയണയുടെ തൂൺ(ചിക്കബല്ലപുരം)
17. മുക്തീശ്വരക്ഷേത്രം (ഗവിപ്പള്ളി, ചിന്താമണി താലൂക്ക് കോലാർജില്ല) വടക്കുള്ള പാറയിൽ.
18. മോഗനപ്പള്ളി ചന്നപട്ടണം. ചിറക്കടുത്ത് സ്ലാബ്
19. ചിങ്കുരളി(കൃഷ്ണരാജ്പേട്ട്) ട്രാവലേഴ്സ് ബംഗ്ലാവിലേക്കുള്ള വഴിയിലെ കല്ല്.

റെനാൻഡു ചോളന്മാർഃ-

20. ചിപ്പിലിഗ്രാമം വയലിലെ സ്ലാബ്. ചോളരാജാ പുണ്യക്കൊമരൻ ചീർപ്പുലിവാഴുന്നു. യുദ്ധത്തിൽ പരശുരാമനെന്ന വീരൻ മരിച്ചതിന് വീരക്കല്ല്. (8ആം നൂറ്റാണ്ട്)
21. ബുദിലി - ഗോരാന്റ്ലാ റോഡരുകിലെ ശില. അനന്തപൂർജില്ലയിലെ ഹിന്ദുപൂർ താലൂക്ക്. ചോളമഹാരാജാ 12 ഖണ്ഡൂവ്യം വിത്തുനിലം ഒരു ക്ഷേത്രത്തിന്.
22. ചൌദൂരു ഭീമേശ്വരക്ഷേത്രം (പൊദ്ദത്തൂർ താലൂക്ക്. കടപ്പജില്ല). 1192 നളസിദ്ധനദേവ ചോളമഹാരാജാ രെനഡു 70,കണ്ണേ 300, വല്ലൂരപുരം

മറ്റു ജില്ലകൾ ഭരിക്കുന്നു. ചോളജീയപണ്ഡിതൻ പ്രോലജീയപണ്ഡിതന് വൃത്തിനിലം ദാനം ചെയ്തു. സേനാഭോവമച്ചരശൻ എഴുതി. ബോമോജ ൻ രേഖപ്പെടുത്തി. നളസിദ്ധനദേവൻ ചോളൻ കാഞ്ചിയിൽനിന്ന് കപ്പം വാങ്ങിയിരുന്നതായും ഈ രേഖ പറയുന്നു.

യാദവലിഖിതങ്ങൾ:

23. പെദ്ദകോട്ടാലികി ആഞ്ജനേയക്ഷേത്രത്തിനടുത്ത് 1202 എഡി. യാദവ സിംഗാനന്റെ മന്ത്രി ബസവരശ സിന്ധവാടി 1000 ഭരിക്കുന്നു. അദ്ദേഹം അമൃതേശ്വരഗോപിനാഥനും ചെന്നസോമദേവനാഥനും ബ്രാഹ്മണർക്കും കൊടുത്ത ദാനവിവരം.
24. ദേവരഗോട്ടയിലെ വയലിൽ സിംഗനതേവന്റെ 12ആം ഭരണവർഷം. 1210 . മൊലഢക്കല്ലുവിലെ നികുതി സിന്ധവാടി 100ത്തിന്റെ മുഖ്യനായ ബില്ലവനായകൻ ജഗദലസോമയ്യനായകന്റെ നാമത്തിൽ, മല്ലികാർജ്ജുനസേവനത്തിന് സമർപ്പിക്കുന്ന രേഖ.
25. നിലൂരു (ഗൂട്ടിതാലൂക്ക്) ഗ്രാമത്തിനു വടക്കേ വയലിൽ. സിംഹനതേവന്റെ ആറാം ഭരണവർഷം. 1235. മഹാമണ്ഡലേശ്വരജഗദാപുദന്തിദേവ ചോളമഹാരായർ ഭോഗേശ്വരദേവക്ഷേത്രസേവനത്തിനും അവിടുത്തെ സേവകരുടെ ജീവനത്തിനുമായി ഹംപുലികേയിലെ നെലെവീടിൽ ഭരിക്കുമ്പോൾ വിട്ടുകൊടുത്ത ഭൂമി. സേനാഭോവബച്ചരശനാണ് പ്രശസ്തി എഴുതിയത്.
26. മധുരാപുരം ചെന്നകേശ്വരസ്വാമിക്ഷേത്രത്തിൽ. 1125 സിംഹളതേവന്റെ കാലം. ധന്നയ്യരാഹുടപുത്രൻ ജയ----അലഹപ്പെരുമാൾതേവന്റെ സേവനത്തിന് മധുരാപുരമഹാജനങ്ങൾക്ക് ഭൂമിദാനം.
27. ചിന്നതുംബലം അധോണിതാലൂക്കിലെ ചിറയുടെ തടയണക്കടുത്ത് സ്ലാബ്. 1229. യാദവരാജാ ജയതുംഗിയുടെ മുരാരികേശവനെന്ന മന്ത്രി സിന്ധുവാടിവിഷയത്തിന്റെ ദേശാധിപനായിരിക്കുന്ന കാലം. അനന്തന്റെ പ്രിയശിഷ്യൻ (അനന്തജ്ഞാനപ്രിയശിഷ്യ) ജൊയ്യൻ തുംബുലഗ്രാമത്തിനു പടിഞ്ഞാറ് ചിറ ഉണ്ടാക്കി. ചിറക്ക് വടക്ക് അനന്തപ്രിയൻ യോഗനരസിംഹദേവപ്രതിഷ്ഠ ചെയ്തു. തുംഗഭദ്രയിൽനിന്ന് ഒരു യോജന ദൂരെ സിന്ധുവാടിവിഷയത്തിൽ അവിടുത്തെ മഹാജനങ്ങൾക്കായി ഭൂദാനം ചെയ്തു.
28. ബഗളി കല്ലേശ്വരസ്വാമിയുടെ നരസിംഹസ്വാമിക്ഷേത്രത്തിനുമുന്നിലെ മൂന്നാമത്തെ തൂണിൽ. യാദവരാജാവ് കാന്താരതേവന്റെ അഞ്ചാം ഭരണവർഷം. 1250. ചാവുടിസെട്ടിയുടെ കൽപനപ്രകാരം ജന്നമരഗൻ ബഗുളുമഹാജനങ്ങൾക്ക് സിംഗനഹലു സമ്മാനമായി കൊടുത്തു.

29. നാഗരൂരു ഈശ്വരക്ഷേത്രം(ആലൂർതാലൂക്ക്)അടുത്ത് സ്ലാബ്. 1254. യാദവകണ്ണരതേവകാലം. മഹാപ്രധാന ജോഗമരാഹുഡ സിന്ധവാടി നാട്ടിലെ ഭരണാധികാരി. സോമനാഥദേവന്റെ സത്രത്തിന് ഭൂദാനം.
30. അതേ സ്ലാബ്. 1255. യാദവകണ്ണരതേവകാലം. മഹാഘടത്തിലെ മുഖ്യൻ കമ്മ രക്ഷണാംഗിതേവൻ നാഗരൂരിലെ സോമനാഥക്ഷേത്രത്തിലെ സത്ര ത്തിന് ഭൂദാനം.
31. യെനിഗി(ഹഡഗള്ളി താലൂക്ക്)ആഞ്ജനേയക്ഷേത്രത്തിനു മുമ്പിലെ സ്ലാബ്. കന്നാരതേവന്റെ 13ആം ഭരണവർഷം. ശക 1181. ദേവഗിരി നെലവീടിൽ ശിബിരമടിച്ച രാജാവിന് പുവിനപടങ്കിലെ 120 ബ്രാഹ്മണ മഹാജനങ്ങൾ, ,(വേദശാസ്ത്രപണ്ഡിതർ,ഔപാസനഅഗ്നിഹോത്രാദി ചെയ്യുന്നവർ,രുപുകുലകദളീവനകുഞ്ജരർ,സാരംഗതവജ്രപഞ്ജരർ) ഗ്രാമത്തിലെ കുസുമനാഥക്ഷേത്രത്തിലേക്ക് ദാനം. പുവിനപടങ്കിലെ കൊഗളിനാട്ടിലാണ് . കൊഗളിനാട് നോലംബവാടിയുടെ കണ്ണും കുന്തളദേശത്തിന്റെ മൂക്കുമാണ്.
32. കോടീശ്വരക്ഷേത്രം (കൊട്നക്കല്ല്.)ചുമരിലെ സ്ലാബ്.1262, യാദവമഹാദേവരായൻ ദേവഗിരി ഭരിക്കുന്നു. കൊടിഗനൂരിലെ മധുവയന് 500 മഹാജനം (കൌരവഗ്രാമത്തിലെ) അഥവാ തെക്കൻ അയ്യാവോൾ എന്ന മസവടി 140 , തുംഗഭദ്രയുടെ കരയിലെ കോടിശങ്കരദേവക്ഷേത്രസേവനത്തിനായി ഭൂദാനം. ഇന്ദോജപുത്രൻ ചൌവോജൻ ലിപികൻ.
33. ഹയരദഗ്രാമത്തിന്റെ തെക്കുകിഴക്കേ വയലിലെ നന്ദിസ്തംഭത്തിൽ, 1263 . യാദവമഹാരായ മഹാപാശയിതദളവയ്യ ....സോയിദേവ ഹെരഡഗ്രാമം ശ്രീപർവ്വതത്തിലെ മല്ലികാർജ്ജുനദേവക്ഷേത്രത്തിന് വിട്ടുകൊടുത്തു.
34. ചിമ്നഹല്ലി ആഞ്ജനേയക്ഷേത്രം സ്ലാബ്. വീരമഹാദേവന്റെ ആറാം ഭരണവർഷം 1265 . നെൽക്കുദുരേ ഗ്രാമം സോയിദേവരശൻ ദാനം ചെയ്തു.
35. ഉജ്ജിനി(കുട്ലിഗി താലൂക്ക്) സിദ്ധലിംഗേശ്വരക്ഷേത്രത്തിൽ ഗർഭഗൃഹ ത്തിനു മുമ്പിലെ ഹാളിലെ തൂണിൽ.മഹാദേവരായന്റെ ഒമ്പതാം ഭരണവർഷം. 1268. ഈശ്വരന് ഭൂദാനം
36. കല്ലനയ്യക്ഷേത്രം (നേരനികി) അരികിലെ സ്ലാബ്. 1276 രാമചന്ദ്രദേവന്റെ 5ആം വര്ഷം വാസുദേവന്റെ ഏജന്റ് ലക്കുമി തേവനായകൻ കാളിനാഥക്ഷേത്രത്തിന് 4 മാത്ര ഭൂമി.

ഗുട്ട(ഗുപ്ത)ന്മാരുടെ ലിഖിതം. (ഗുപ്തവംശമംന്നതിന് ഗുട്ട അഥവാ കുട്ടവംശം എന്ന് പറയുന്നത് ശ്രദ്ധിക്കുക)

37. കുറുവട്ടി മല്ലികാർജ്ജുനക്ഷേത്രം ഹരപ്പനഗല്ലി. ബെല്ലാരി. ഉത്തരത്തിലെ ലിഖിതം. 1181 ഗുട്ടവംശത്തിലെ വിക്രമാദിത്യൻരണ്ടാമൻ, ബെലുഗുഹെ 70, ബെണ്ണേവൂർ 12 ഭരിക്കുന്നു. പ്രധാനൻ സുസംഗധനനായകൻ, മഹാ മണ്ഡലേശ്വരൻ വിജയപാണ്ഡ്യരശന്റെ അനുമതിയോടെ ബച്ചരശന്റേയും കുറുവട്ടി മഹാജനത്തിന്റേയും സാന്നിദ്ധ്യത്തിൽ ആഹവമല്ലേശ്വരന് 70 മാത്ര ഭൂമി കൊടുത്തു. മുമ്പ് വിക്രമാദിത്യൻ കൊടുത്ത ഭൂമിയോട് ചേർത്താണ് ഈ ദാനം. ലോകാഭരണൻ ഏറ്റുവാങ്ങി.
38. അതേ സ്ഥലത്ത്, ബല്ലലഭൂപനായ വിക്രമാദിത്യൻ രണ്ടാമന്റെ പുത്രീഭർത്താവ് ലോകാഭരണമുനീന്ദ്രന് ആഹവമല്ലേശ്വരസേവക്ക് വേണ്ടി കൊടുത്ത ദാനം.(ശ്രദ്ധിക്കുക. ഗുപ്തവംശത്തിലെ വിക്രമാദിത്യൻ രണ്ടാമൻ വല്ലഭഭൂപനാണ്,വല്ലഭവംശക്കാരനാണ്).
39. അതേ സ്ഥലത്ത് . അയ്യാവോളിലെ അഞ്ഞൂറു സ്വാമിമാർ, യമദൂതന്മാരെ ചലിപ്പിക്കുന്നവരും വജ്രായുധം കയ്യിലേന്തി ശത്രുക്കളെ യമപുരിക്ക് അയക്കുന്നവരും കീഴടങ്ങിയവരിൽ ദയ കാട്ടുന്നവരുമാണ്. അവരും നാനാദേശികച്ചവടക്കാരുമൊത്ത് മുമ്മുറിദണ്ഡരോടും കൂടി, കുറുവട്ടിയിൽ സമ്മേളിച്ചു. ആഹവമല്ലേശ്വരസേവക്കുവേണ്ടി ലോകാഭരണമുനീന്ദ്രന് ഹെജ്ജുംഗയുടെ ഒരു ഭാഗം സമ്മാനിച്ചു.(ഇതും വിക്രമാദിത്യ 2 കാലം തന്നെ)

കിഴക്കൻചാലൂക്യ:

40. രാമതീർത്ഥം (വിഴിനഗരം ജമീന്ദാരി വിശാഖപട്ടണം ജില്ല) ദുർഗ്ഗാപഞ്ചഗുഹയുടെ ചുമരിൽ. കിഴക്കൻചാലൂക്യമുമ്മടിഭീമൻ വിഷ്ണുവർദ്ധനൻമഹാരാജാ. ദേശീണത്തിന്റെ ഗുരു ത്രികാലയോഗി സിദ്ധാന്തദേവൻ, വിമലാദിത്യന്റെ ഗുരു, രാമക്കൊണ്ട നിർമ്മിച്ചു.

വിജയനഗരം

41. രായദുർഗ്ഗ്(ബെല്ലാരിജില്ല) താലൂക്ക് ഓഫീസിലെ ജൈനവിഗ്രഹപീഠത്തിൽ. സംസ്കൃതം. 1355. ഹരിഹരന്റെ കൽപ്പനപ്രകാരം ഭോഗരാജൻ അനന്തജിനേശ്വരപ്രതിഷ്ഠ ചെയ്തു. അദ്ദേഹത്തിന്റെ ഗുരു അമരകീർത്തിയുടെ (നന്ദസംഘത്തിലെ)ശിഷ്യനായ മഹാനന്ദിയാണ്. അമരകീർത്തി നന്ദസംഘം, ബലാത്കാരഗണം, സാരസ്വതഗച്ഛം, കുരുക്കുന്ദാന്വയനാണ്.
42. തെക്കെ കന്നഡത്തിലെ കല്യാണിയിലെ വയലിൽ. കുന്ദപ്പൂർതാലൂക്ക്, ശങ്കരനാരായണഗ്രാമം. 1357. വീരബുക്കണ്ണ വൊഡേയഭരണകാലം. അദ്ദേഹത്തിന്റെ കൽപ്പനപ്രകാരം മഹാപ്രധാനമലയധനനായകൻ പുതിയ ഭൂദാനം. പഴയ ദാനരേഖ നഷ്ടപ്പെട്ടതിനാലാണിത്. (ശങ്കരനാരായണക്ഷേത്രത്തിന്)

43. കോടീശ്വരക്ഷേത്രം കുന്ദപ്പൂർ. അകത്തേ പ്രാകാരം തെക്കേ വരാന്ത. 1357. ബുക്കണ്ണ വൊഡേയകാലം. മലയധനനായകന്റെ മന്ത്രി രാവലതേവ (സഭൂതിയനായകന്റെ മകനും മദരസയന്റെ പേരക്കുട്ടിയുമായ) വിഷ്ണു തിരുളനിൽനിന്ന് ബലി(വയൽ) വാങ്ങി കോടീശ്വരക്ഷേത്രത്തിനു കൊടുത്തു.
44. അതേക്ഷേത്രം വൊളഗ മണ്ഡപത്തിന്റെ പടിഞ്ഞാറേ സ്ലാബ്. 1364. ബുക്കണ്ണവൊഡേയകാലം. ബാരക്കുരരാജ്യവും ചക്കരേ ഗ്രാമത്തിലെ 30 കുടുംബവും വാഴുന്ന മഹാപ്രധാനമലിയധനനായകൻ, 12 ഹൊന്നും തോട്ടവും വിത്തുനിലവും കോടീശ്വരദേവന് ദാനം.
45. പൊളാട്ടി മുരുകമാലവയൽ. ബുണ്ടവൽമുഡ മംഗലാപുരം താലൂക്ക്. 1364. വീരബുക്കണ്ണവോഡേയാർ കാലം. മംഗലാപുരത്തെ മദരശൻ പുദുഗ്രാമം കരമൊഴിവായി ബ്രാഹ്മണർക്ക്. ബ്രാഹ്മണർ മഞ്ചിനാഥ ദേവന് 12 മൂട് നെല്ല് കൊടുക്കണമെന്ന വ്യവസ്ഥയിൽ ദാനം.
46. കോടീശ്വരക്ഷേത്രം പ്രാകാരം. കിഴക്കേ വരാന്ത. സ്ലാബ് .1365. മഹാമണ്ഡലേശ്വര വീരബുക്കണ്ണഒഡേയകാലം. മുദ്ദേയനാഗപ്പന്റെ മകൻ ധരണിദേവൻ രാജകൽപനപ്രകാരം 4 പ്ലോട്ട് ഭൂമി (124 മൂട് നെല്ലുകിട്ടുന്ന), 18 പൊന്ന് , കോടീശ്വരന് നിത്യം 6 ബ്രാഹ്മണർക്കും അടുക്കളയിലെ പാചകക്കാരനും ഭക്ഷണത്തിനായി ദാനം ചെയ്തു. ബരുകുരരാജ്യം വാഴുന്ന മലയധനനായകൻ രാജകൽപനപ്രകാരം ആ ഭൂമി കരമൊഴിവാക്കിക്കൊടുത്തു.
47. കൊട്ടശിവാരം ശിവക്ഷേത്രം മധക്കശിര താലൂക്ക്. പ്രവേശനദ്വാരത്തിലെ തൂൺ. 1365. ബുക്കണ്ണവൊഡേയ ഹോസപട്ടണം വാഴുന്നു. ബേണകേയനായകപുത്രൻ ബുക്കേയനായകൻ നിഡുഗല്ലരാജ്യത്തിലെ പ്രധാനപട്ടണമായ ശിവരം വാഴുന്നു. അദ്ദേഹം ഗോപസമുദ്രം ഗ്രാമം ഗോപിനാഥദേവക്ഷേതേരസേവനത്തിന് ദാനം ചെയ്തു. ശിവദാസിയുടെ പുത്രന്മാരായ രാമകൃഷ്ണദാസിയും കേശവദാസിയും ഏറ്റുവാങ്ങി.
48. ദൊദ്ദപാദേശ്വരക്ഷേത്രം നന്ദിമണ്ഡപത്തിനു മുമ്പിലെ സ്ലാബ്. മൊദല്ലി കൊല്ലെഗൽതാലൂക്ക് കോയമ്പത്തൂർ. 1366. വീരബൊക്കണ്ണ ഒഡേയപുത്രൻ കമ്പണ്ണ ഒഡേയൻ പെരുമാൾഭട്ടന്റെ കാലത്ത് ബന്ദേഹല്ലി, മൊദേഹല്ലി ഗ്രാമങ്ങൾ നായകൻ മല്ലീദേവൻ (മൊദഹല്ലി) നാട്,നാട്ടാര്, നാനാദേശികളുടെ സമ്മതത്തോടെ ദാനം ചെയ്തു.
49. ചിലുമുത്തുരുചിറയുടെ സ്ലാബ്(ഹിന്ദുപ്പൂർതാലൂക്ക്) 1367. മഹാമണ്ഡലേശ്വരവീരബുക്കരായകാലം. മഹാപ്രധാന ബയിചെയ്യധന്നായകപുത്രൻ ഇരുഗപ്പ വൊഡേയൻ ചെലുമുത്തുരു വാഴുന്നു. അദ്ദേഹം നിർമ്മിച്ച കല്ലുമഞ്ചികേ (കല്ലുകൊണ്ടുള്ള അത്താണി)

50. ത്രിപുരസംഹാരവിഗ്രഹത്തിനു മുമ്പിലെ അലങ്കാരമണ്ഡപത്തിന്റെ തെക്കേ ചുമർ. വിരുട്ടാണേശ്വരക്ഷേത്രം തിരുവടി കടലൂർതാലൂക്ക് തെക്കേ ആർക്കോട്ട് ജില്ല. 1370. മഹാമണ്ഡലേശ്വര ബുക്കണ്ണവൊഡേയ ന്റെ പുത്രൻ, കമ്പണ്ണവൊഡേയന്റെ കൊട്ടാരം മാനേജറായ ദുഗ്ഗണ്ണദേവ ൻ കീഴാനിംജെഗതിപട്ടിലെ ശതിപട്ടുഗ്രാമം മൊഡലീശ്വരമൊഡയ നായ നാർക്ഷേത്രത്തിന്(തിരുവടി)ക്ഷേത്രം സ്ഥാനീയർക്ക് വിട്ടുകൊടുത്തു.
51. ബസരക്കോട് കല്ലീശ്വരക്ഷേത്രത്തിനടുത്ത് വീരക്കല്ല്. സിഖലിംഗനഹല്ലി, ഹരപ്പനഹല്ലി താലൂക്ക് ബെല്ലാരി. 1372. ബുക്കരായഭരണകാലം. പ്രധാനി കേച്ചേരിദേവന്റെ സൈനികരിൽ ചന്ദപ്പൻ വീരമൃത്യു.
52. കോടീശ്വരക്ഷേത്രം പുറത്തെ പ്രാകാരം. കിഴക്കേ വരാന്ത. 1372. മഹാമണ്ഡലേശ്വരബുക്കണ്ണവീരവൊഡേയ മഹാപ്രധാനഗോപരശ വൊഡേയ ബരുക്കുരുരാജ്യം ഭരിക്കുന്നു. നന്ദിനാഥൻ,ഭൃംഗീനാഥൻ, വീരഭദ്രദേവൻ,ഗണകുമാരഹെഗ്ഡേ എന്നിവർ ഭൂമി വാങ്ങി, കോടീശ്വ രക്ഷേത്രത്തിന് കടിയഹബ്ബ ഉത്സവകാലത്ത് ഉഭയജംഗമങ്ങൾക്ക് ഭക്ഷണം കൊടുക്കാനേല്പിച്ചു. 12 മൂട് നെല്ലും 40 പൊന്നുമാണ് ഭൂമിയുടെ വരവ്.
53. മോദൻകുപ്പ ബന്ത്വാൽ-മൂദ(മംഗലാപുരം)കല്ല്. 1377. ബുക്കണ്ണഒേയമകൻ ഹരിയപ്പ ഒഡേയാർ കാലം.മംഗളൂരുരാജ്യം പണ്ടാരിത്തേവ തിമിരേ ശ്വരദേവക്ഷേത്രസേവക്ക് സെട്ടികൾ ദാനം ചെയ്ത ഭൂമി.
54. കോടീശ്വരക്ഷേത്രം പ്രാകാരത്തിലെ കിഴക്കേ വരാന്ത. 1377 വീരബുക്ക പുത്രൻ ഹരിയപ്പകാലം. ബാരക്കുരരാജ്യത്തിലെ ബൊക്കരസന്റെ മഹാപ്രധാനൻ മുദ്ദേ ധന്നായകൻ 3 പ്ലോട്ട് ഭൂമി വാങ്ങി അതും സ്വര്ണ്ണവും കോടീശ്രദേവസേവക്ക് 13 ബ്രാഹ്മണർക്ക് നിത്യം ഭക്ഷണം കൊടുക്കാനും ഭഗവാന്റെ മുന്നിൽ നിത്യവും ചൌരി വീശുന്ന രണ്ട് സ്ത്രീകളുടെ ശമ്പളത്തിനും കൊടുത്തു. മുദ്ദയ്യധനനായകൻ സ്വര്ണ്ണഅഴി യിട്ട ഒരു ചട്ട ക്ഷേത്രത്തിനു നൽകി.
55. കുക്കേ സുബ്രഹ്മണ്യസ്വാമി (പുത്തൂർതാലൂക്ക്) ക്ഷേത്രത്തിനു മുന്നിലെ ശില.1379. ഹരിയപ്പ വൊഡേയരുടെ ഭരണകാലം. മദരശൻ 200 ഗഡ്യാണം ഈശ്വരസേവക്ക് നൽകി.
56. ശങ്കരനാരായണഗ്രാമം ഹിരെബൈയിലിലെ വയലിലെ സ്ലാബ്. (കുന്ദപ്പൂ ർതാലൂക്ക്). ബുക്കരായകാലത്തെ ദാനത്തിന് ഹരിയപ്പഒഡേയാരുടെ കാലത്ത് നാട്ടിയ കല്ല്. 1300. മഹാപ്രധാന മലയധന്നനായക വീരബുക്ക രായകാലത്ത് കൊഡഗീയശങ്കരനാരായണദേവനു കൊടുത്ത ദാനം. ഭൂമി കിമിസെട്ടിയുടെ പേരിൽ കൊടുത്ത് ക്ഷേത്രസേവനം അദ്ദേഹത്തെ ഏൽപ്പിച്ചു

മൈസൂർരാജാക്കന്മാർ:-

57. ശിവയപാളയം (സത്യമംഗലം താലൂക്ക് കോയമ്പത്തൂർ) ഭവാനിപ്പുഴമാർഗ്ഗത്തിലെ മാർഗോവമരത്തിനുതാഴെ കല്ല്. 1670. ദേവരാജവൊഡേയപുത്രൻ മൈസൂർ രാജാ ദേവരാജവൊഡേയ കൊമരപുരമെന്ന ബെസ്താരപാല്യരാജ്യത്തിന് കൊടുതിത സമ്മാനം. ധവളഗിരി കുമാരസ്വാമിക്ക് ചിന്താമണി,ഭവാനീസംഗമത്തിലെ ദുർവ്വാസാക്ഷേത്രത്തിൽ ചെയ്ത സേവനത്തിന്. സത്യമംഗലത്തെ കരവലി ഹോബലിയാണ് ദാനം ചെയ്ത ഗ്രാമം. യേനൂർപാസിനു താഴെയുള്ള ഉഡുവങ്കനാട്ടിലാണ് സത്യമംഗലമെന്ന് എഴുതിയിരിക്കുന്നു.
58. കുന്തൂർ ബസവേശ്വരക്ഷേത്രം കിഴക്കേ സ്ലാബ്. (കൊല്ലിഗൽതാലൂക്ക് കോയമ്പത്തൂർജില്ല) ഉമ്മത്തൂർമുഖ്യൻ ഇമ്മട്ടി ചിക്കരായവൊഡയാർ (മഹാവീരനഞ്ചരായഒടേയരുടെ മകൻ) കുന്തൂരുഗ്രാമത്തിലെ ശാലൂർശാന്തമഠത്തിന് കൊടുതിത സർവ്വമാന്യം. 50 ശിവചാരഒടൈയാർക്ക് ഭക്ഷണവും വസ്ത്രവും നൽകുന്നതിന്ന്. അദ്ദേഹം ഭരിക്കുന്ന ഹന്തിനാടിലെ ഗ്രാമാതിർത്തികളും നികുതികളും പറയുന്നു.
59. പപ്പരപ്പട്ടി ധർമ്മപുരി താലൂക്ക് സേലം ജില്ല വരദരാജപ്പെരുമാ ൾക്ഷേത്രത്തിനുമുന്നിലെ ലിഖിതം. 1717. ശ്രീരംഗപട്ടണത്ത് കൃഷ്ണരാജവൊഡേയ 2 വാഴുന്നു. വീരഭദ്രദുർഗ്ഗസീമയിലുള്ള കുണേക്കോളഹോബലിയിലെ 12 ഗ്രാമത്തിലെ വരവായ 3600 വരാഹൻ അളകിയ മണവാള രാമാനുജജീയാർ മുഖേന കാഞ്ചിവരദരാജർക്ക് സമർപ്പിക്കുന്നു.
60. ആർദ്രകപാലീശ്വരക്ഷേത്രം നടുവിലെ ക്ഷേത്രത്തിന്റെ പ്രവേശനദ്വാരത്തിനടുത്ത് മണ്ഡപത്തിൽ. വലത്തെ ദ്വാരപാലകവിഗ്രഹത്തിൽ. ഈരോഡ്-കോയമ്പത്തൂർജില്ല. മൈസൂർ രാജാവ് കന്തിരവനരസരാജ വഡേരുവിന്റെ ദളവ യിഹംബൈനവരു (മുഴുവനില്ല)
61. കുറുഗൊഡു (ബെല്ലാരി) ഹനുമന്തക്കുന്നിലെ ആഞ്ജനേയക്ഷേത്രം കിഴക്കേ ചുമർ. 1780. നവാബ് ഹൈദരാലിഖാന് ബഹദൂറിന്റെ കാലത്ത് ഈ ക്ഷേത്രനിർമ്മിതി പൂർത്തിയായി.
62. അനന്തപൂർജില്ല ഹിന്ദുപൂർതാലൂക്ക് പൈദെത്തി ഗ്രാമത്തിന്റെ തെക്കേ വയലിലെ കല്ല്. അണ്ണിഗ ധനഞ്ജയൻ, മഹേശ്വരസഹാനി എന്ന് രണ്ടു പേരു കാണാം. കൽനാട്ടിലെ അന്നിഗൻ തന്റെ കാലികളെ വീണ്ടെടുത്തു കൊടുത്ത വീരന്റെ പേരിൽ ഭട്ടാരകന് ഭൂമിദാനം ചെയ്തു.(8-9 നൂറ്റാണ്ട്)
63. അതേ കല്ലിൽ മറ്റൊരു ലിഖിതമുണ്ട് . വായിക്കാനാവാത്ത വിധം നശിച്ചിരിക്കുന്നു
64. കംബമൂരു (കല്യാണദുർഗ്ഗ് താലൂക്ക്) മല്ലികാർജ്ജുനക്ഷേത്രമുറ്റത്തെ (അകത്തേ മുറ്റം)തൂൺ. 12ആം നൂറ്റാണ്ടിലെ ലിഖിതം. പുനരു

ദ്ധാരണത്തിനുള്ള ദാനമാണ്. വായിക്കാനാവാത്ത വിധം നാശം സംഭവിച്ചിരിക്കുന്നു.

65. ബഗളി ഹരപ്പനഹള്ളി താലൂക്ക് കല്ലേശ്വരക്ഷേത്രത്തിലെ നടുവിലെ ക്ഷേത്രത്തിന്റെ തെക്കെ വാതിൽക്കൽ വലത്തുവശത്തെ സ്ലാബ്. ബഗുളിമഹാജനം കരമൊഴിവായി ചിക്കഗൊഡനു കൊടുത്ത ഭൂദാനം.
66. അംബളി കുട്ലിഗി താലൂക്ക് കല്ലേശ്വരക്ഷേത്രം മുന്നിലെ മണ്ഡപത്തിൽ.കൊഗളിയിലെ 400 കമ്പം ഭൂമി അമ്മേലെ കാളിദേവന് സേവനത്തിനായി കദംബജഗദലപാണ്ഡ്യന്റെ ദാനം (കന്നഡഭാഷ)
67. അതേ ബഗളി കല്ലേശ്വരത്തെ മണ്ഡപത്തിനടുത്ത ക്ഷയിച്ചുകിടക്കുന്ന ക്ഷേത്രത്തിൽ പടിഞ്ഞാറുവശത്തെ സ്ലാബ്.
68. സുപർണ്ണവേഗാമൃതേശ്വരദേവപ്രതിഷ്ഠയും അവിടെ ദേവസേവക്ക് സുപർണ്ണവേഗാമൃതപട്ടവർദ്ധനദീക്ഷിതസോമയാജ്യന്റെ ഭൂമിദാനവും , മല്ലികാർജ്ജുനദേവപ്രതിഷ്ഠയും ഹയണ്ണപുത്രൻ ചമണ്ണൻ അവിടേക്ക് ചെയ്ത ദാനവും. 1209.
69. സെഗ്ഗലി ഹോസ്പെറ്റ് താലൂക്ക് ഹംപി വിത്തലസ്വാമിക്ഷേത്രം കിഴക്കേ ചുമർ. തിമ്മരശ,ചെന്നരാശയ്യ,ദിവാകരയ്യ ഇവരുടെ സദാസേവൈ.
70. അഗളി മടക്കശിക താലൂക്കിലെ ശങ്കരേശ്വരസ്വാമിക്ഷേത്രം തെക്കേ ചുമർ. ഹുലികുണ്ടേ ചന്ദനായകപുത്രൻ തലവര ദൊദ്ദയെ അഗളിയുടെ തലവരികസ്ഥാനം കച്ചരപോദൻ ഏൽപ്പിച്ചു.

ബാണന്മാർ:-

71. ചിപ്പിലിയുടെ വടക്കേ വയൽ. മല്ലതേവബാണരശൻ ചിർപ്പുളി എരേയനു കൊടുത്തതി.
72. ബുഡിദെഡ്ക്കേ എന്ന നശിച്ചുപോയ പഴയ ഗ്രാമത്തിനു പിന്നിലെ വയൽ. മഹാവലി ബാണരാജ വിക്രമാദിത്യജയമേരു ഭരണകാലം. കുറുഞ്ച്യേലയിലെ കാളയോട്ടത്തിൽ ,മിനിക്കിയിലെ ഗൊണമേന്തി മുദ്ദുദരന്റെ പെരിയവൻ യുദ്ധം ചെയ്തു മരിച്ചു. കേളമുദ്ദനെന്ന ഒരാളെയും പരാമർശിക്കുന്നു. ബാണകന്ദർപ്പനെന്ന ബിരുദം ബാണരാജാവിനുണ്ടെന്നും പറയുന്നു
73. അതേ സ്ഥലം മറ്റൊരു സ്ലാബ്. ബാണമാവലി വനരാജാ മീൻകി മുദുന്തന്റെ മഌരം , കുറുംജിയാല ഇവ പരാമർശിക്കുന്നു. അലമാരൻ അഥവാ കേളെമുദ്ദാൻ ഇതിൽ പൊരുതിമരിച്ചു.
74. അതേ വയലിലെ മൂന്നാമത്തെ സ്ലാബ്. ബാണരാജാ മഹാവലിവനരശൻ , നോലംബനാടിന്റെ പുലിനാട് ആക്രമണം ചെറുക്കാനായി കെന്ദളിക പേർഗംഗനേയും പുത്രൻ ദേവേയനേയും നിയോഗിച്ചു. മിനിക്കി

യുദ്ധത്തിൽ ദേവേയൻ മരിച്ചു. ബാണവിദ്യാധരരാജാവ് മിനിക്കി ആ കുടുംബത്തിന് നൽകി.

75. സോമേശ്വരക്ഷേത്രം പുംഗനൂർ. പുറത്തേ സ്ലാബ്. കുണ്ഡുഗ പുഞ്ചനിലം കല്യാണിക കന്തനാരായണന് കൊടുത്തു. ബാണരാജാ വിജയാദിത്യപ്ര ഭുമേരു വടുകവലി 12000, മന്നേയുടെ കിഴക്കുള്ള ഭാഗം ഇവ ഭരിക്കുന്ന കാലത്ത്, കടുവട്ടി മുത്തരശൻ കോയത്തൂർ ആക്രമിക്കാൻ വന്നപ്പോൾ 9 കള്ളന്മാരെ വധിച്ചശേഷം വീരമൃത്യു വരിച്ചവനാണ് കന്തനാരായണൻ.
76. കർഷനപ്പള്ളി വയൽ.ബാണരാജാ വനരാജാ ഗംഗ 6000 ഭരിക്കുമ്പോൾ , രാഷ്ട്രകൂടബല്ലലൻ കടുവെട്ടി ആക്രമിച്ചു. (കപ്പം കൊടുക്കാത്തതിന്) . വിജയിത്തരൻ ബാണതത്തരന്റെ ഭൃത്യൻ കുന്ത്യാലക്കടുത്തുവെച്ച് കുതിരപ്പുറത്തുവരുമ്പോൾ ഗണമൂർത്തിയെ വധിച്ച് വീരമൃത്യു. (വിജയാദിത്യ 2 കാലം 9ആം നൂറ്റാണ്ട്)
77. ചലമംഗലത്തെ വീട്ടിന്റെ പിന്നിലെ മുറ്റത്ത് വീരക്കല്ല്. മഹാവലി ബാണരചൻ ഭരിക്കുന്ന കാലം. ആ കുടുംബത്തിലെ ബാണരചൻ യുദ്ധത്തിൽ മരിച്ചു.
78. അർക്കേശ്വരക്ഷേത്രം നന്ദിമണ്ഡപം. സ്ലാബ്. കർഷണപ്പള്ളി. ബാണരശമഹാബലികുല ഗംഗ 6000 ഭരിക്കുന്നു.
79. പുതുപട്ടലം ചൌദേശ്വരിക്ഷേത്രത്തിനുമുന്നിലെ തൂൺ. ബാണരാജാ ബാണരാജകാലം ജയനാഗൻ ശരത്വിഷുവത്തിന് പാവനമായ അഗ്നിയി ലേക്ക് നടന്ന് ദേഹത്യാഗം ചെയ്തു.
80. എംബഡി കല്ല്. ബാണരാജാ മഹാവലിബാണരശൻ 5 കുല വിത്തുവിത ക്കുന്ന വയൽ കവുണ്ടന് മാട്ടുത്സവകാലത്ത് കൊടുത്തു.
81. ചദല്ലഗ്രാമത്തിനുമുന്നിലെ വയൽ. ബാണരാജാ മഹാവലി ബാണരച. ബഡൂകവല്ലിയിലെ വല് ഭരിക്കുന്ന പെരുമാനടികൾക്ക് വേണ്ടി ബാണ രചൻ നോലംബ,രാച്ചമല്ല,മയിന്റാടികളോട് യുദ്ധം നയിക്കുമ്പോൾ കിം ഗനൂരിലെ മാധവരായനും യുദ്ധം ചെയ്തു. സോരെമദി യുദ്ധത്തിൽ നിരവധി കാലാൾ,കുതിരപ്പട്ടാളത്തെ വധിച്ചശേഷം വീരമൃത്യു പ്രാപി ച്ചു. അദ്ദേഹത്തിന്റെ കുടുംബത്തിന് 3 കമ്പം ഭൂമി രാജാവ് ദാനം ചെയ്തു.
82. കര്ഷണപ്പള്ളി വയലിൽ. മഹാബലികുലത്തിലെ പ്രധാനിയുടെ ഭൃത്യനായ ഒക്കളൻ യുദ്ധത്തിൽ ഒരാനയെ വധിച്ചശേഷം മൃത്യു വരിച്ചു.

    വൈഡുംബർഃ-

83. ബസിനിക്കൊണ്ട ഗ്രാമം മദനപ്പള്ളിതാലൂക്ക് .ഗ്രാമത്തിനു പടിഞ്ഞാറേ വയലിൽ. വൈദുംബമഹാരാജാ ഗന്ധത്രിനേത്രകാലം. സുരമറവേലി

വാഴുന്ന ബലൂചോരണിമകൻ മരുവകസുരമഗപ്പള്ളി രാക്ഷസമനുജര ദേവൻ മരിച്ചു. ബാണരശനും മറ്റും സൊരമഡിക്കോട്ട നോലംബ,ദദിശ, രച്ചമല്ല,മയദാദികൾക്കെതിരെ ആക്രമിച്ചപ്പോൾ.

84. അതേ വയലിലെ മറ്റൊരു സ്ലാബ്. മഹാരാജാ ബാണരശ വൈദുംബരാജാ ഗന്ധത്രിനേത്രകാലത്ത് സൊരമടി കോട്ട ആക്രമിച്ചപ്പോൾ, നൊലംബദ ഡിശരാച്ചമല്ലമയിന്ദാടികൾ ചെറുത്തുനിന്നു. യുദ്ധത്തിൽ ഒരു വീരൻ മരിച്ചുവീണു
85. ചിപ്പിലിഗ്രാമം വയലിൽ. വൈദുംബരാജാ മനുജത്രിനേത്രകാലത്ത് ഒരു കാലിത്തോലിൽ, പടയറ പുലിക്കാമൻ മരിച്ചു.
86. അലെട്ടിപള്ളെയിലെ കട്ടിബീരപ്പബന്ധിക്കല്ല് . വൈദുംബരാജാവിന്റെ ഭൃത്യൻ വീരസത്തിപുത്രൻ വീരയോദ്ധാവ് തിരുവലയുദ്ധത്തിൽ വീരമൃത്യു പ്രാപിച്ചു.

നോലംബപല്ലവർ:

87. മല്ലികാർജ്ജുനക്ഷേത്രത്തിനു കിഴക്കേ വയലിലെ സ്തംഭം. നോലംബപല്ലവരാജാ വീരനൊംബാധിരാജാ അജ്ജപര്വ്വരബിദിയേരേയന് ഒരു കൈവളയും നോലംബദൊദ്ദനെന്ന നാമവും കൊടുത്തു. ബെദ്ദുഗൊണ്ടെ ചിറനിർമ്മിതികാലത്ത് ഈ ബിരുദം നൽകി. ശ്രീമുഖരാമൻ മറ്റൊരു കൈവളയും ശ്രീമുഖദൊദ്ദനാമവും കൊടുത്തു. സിംഹപുത്രരശൻ , പൊന്നേരരാശാ, ധർമ്മമഹാദേവി എന്നിവർ മൂന്നാമത്തെ കൈവളയും പൊന്നേരദദ്ദനാമവും കൊടുത്തു. നോലംബദൊദ്ദ മഹാദേവന് ക്ഷേത്രം നിർമ്മിച്ചു. പാലിയോഗ്രാഫിവെച്ച് 9ആം നൂറ്റാണ്ടെന്ന് വിചാരിക്കുന്നു. അത് പോളചോര നോലംബരാജാ ഒന്നാമന്റെ കാലമാണ്.
88. മല്ലികാർജ്ജുനക്ഷേത്രമുറ്റത്തെ തൂൺ. (883-884). നോലംബപല്ലവരാജാ മഹേന്ദ്രകാലം. ബെൽദുഗൊണ്ടയിലെ ഗാമുണ്ടരും ബ്രാഹ്മണരും കുറ ഗാമുണ്ടൻ പെർഗ്ഗദേ ആയിരിക്കേ ആദിത്യക്ഷേത്രത്തിന് ഭൂമി നൽകി.
89. ദൊദ്ദപ്പ(ശിവ)ക്ഷേത്രം ഹേമാവതി. മുറ്റത്തെ പൊട്ടിയ സ്തംഭം. നോളംബപല്ലവമയിന്ദമ്മ(മഹേന്ദ്രവർമ്മ 1) ....ലൊംബാധിരാജാ ...ബസതിക്ക് ഭൂമി, തപസ്വികൾക്ക് ഭക്ഷണത്തിന് (പാലിയോഗ്രാഫി 9ആം നൂറ്റാണ്ടിലെ)
90. കലക്കത്തൂരിലെ വയൽ. നോലംബപല്ലവരാജാ നോലംബാടിയരശ ഗംഗാവാടി 6000 വാഴുമ്പോൾ , അദ്ദേഹം തലേക്കാട് ആക്രമിച്ചു.അന്ന് പെരുമാനടി എന്ന ഗംഗരാജാവിന്റെ നിർദ്ദേശത്താൽ ഒരു മഹാരാജവ് പുലിനാട് ആക്രമിച്ചു. യുദ്ധത്തിൽ പെർമാവിഗ്രാമം കത്തിച്ചു. കാടുവട്ടിയും മൃദുവയും കൂടി നശിപ്പിച്ചു. ഇതുകേട്ട വീരചൂളാമണി ബാണ

രാജാ ആ സൈന്യത്തെ നശിപ്പിച്ചു. നായകന്മാർ അദ്ദേഹത്തെ എതിർത്തപ്പോൾ തേജാമണിയെ വധിച്ചു. വീരമൃത്യു പ്രാപിച്ച അദ്ദേഹത്തിന് നോലംബരാജാവ് എള്ളേമദല എന്ന കൽനാട് കൊടുത്തു(കുടുംബത്തിന്). ഒമ്പതാം നൂറ്റാണ്ട്. നോലംബവാടി അരശൻ മഹേന്ദ്രൻ 1 ആയി രിക്കണം.

91. ഈശ്വരക്ഷേത്രച്ചിറയിലെ സ്ലാബ്. നോലംബപല്ലവരാജാ അയ്യപ്പദേവ കാലം. ശ്രീപുരുഷയ്യപുത്രനായ ചോരയ്യനും എരഡുമുരയിലെ ശാമുണ്ടരും പന്നഡിഗകളും ചിറ സംരക്ഷിക്കാനുള്ള ബിത്തുവട നേടി. ചോരയ്യയുടെ പെർഗഡേ പൊന്നയ്യ എഴുതി. ദുഗ്ഗാചാരി ശിലയിൽ കൊത്തി.
92. മടക്കശിര താലൂക്ക് ഹേമാവതിഗ്രാമം. പടിഞ്ഞാറെ വയലിലെ വീരക്കല്ല്. (923-24)നോലംബപല്ലവരാജകാലത്ത് ശെവുനന്റെ(യാദവ)സൈന്യത്തോട് പടവെട്ടി ഹാരീതപുത്രൻ എടൈയമ്മന്റെ വീരമൃത്യു. രാച്ചപുത്രനായ അനുഗൻ നാട്ടിയ കല്ല്.
93. ധർമ്മപുരി താലൂക്ക് ഓഫീസ് മുറ്റത്തെ തൂൺ. 929. നോലംബപല്ലവരാജാ ഇരുളചോരകാലം. ഗംഗാരാജാവ് രാച്ചമല്ല പെരുമാനടികളുടെ മകൾ ജയബ്ബേയുടേയും നോലംബാധിരാജാവിന്റെയും മകനായ നോലംബമഹേന്ദ്രൻ മുതൽ ഇരുളചോരൻ വരെയുള്ള വംശപരമ്പര തരുന്നു. ഇതിൽ മഗ്ഗബ്ബേകാന്തി, തഗടൂർ(ധർമ്മപുരി) മുതലായ പേരുകളുണ്ട്. അപൂർണ്ണമാണ്.
94. ഗുണിമൊരുബഗൾ വയൽ. മടക്കശ്ശിരതാലൂക്ക്. പൊട്ടിയ തൂണിൽ. 936. വീരനോലംബ അന്നയ്യതേവൻ. നോലംബപല്ലവവംശം. മഹാസാമന്താധിപതി വരുണശിവഭട്ടാരകൻ നോലംബേശ്വരസ്ഥാനത്ത് സംരക്ഷകനാണ്. അദ്ദേഹവും ഗവുണ്ടന്മാരും ചിറ സംരക്ഷിക്കാനുള്ള ഭൂമി ദാനം.
95. മടക്കശിര ചോളരാജക്ഷേത്രം സ്ലാബ്. നോലംബപല്ലവരാജാ ദിലീപ രാശാ. ബല്ലഹന്റെ ഭൃത്യൻ കിരിയപൊന്നയ്യ ഗജാങ്കുശചോളന്നെതിരെ യുദ്ധം നയിച്ചു. ദിലീപനോലംബനും യുദ്ധത്തിൽ ചേർന്ന ശേഷം ഇമ്പിലിയുദ്ധത്തിൽ വീരമൃത്യു. (കിരിയപൊന്നയ്യനോ ചോളനോ എന്ന് വ്യക്തമല്ല)
96. അതേക്ഷേത്രം വടക്ക് 950. നോളംബപല്ലവഇരൈവനോലംബൻ ചിരപി 12ൽ മല്ലണ്ണശിവാരി ഭരിക്കേ, ഗവുണ്ട കടിയണ്ണനും പള്ളിക്കര തുവണ്ണനും 3 ഗണ്ഡുകം വീതം വയൽ ഒലിഗെരെ ചിറ നന്നാക്കാനായി അനുവദിച്ചുകൊടുത്തു. ചിറുശ്ശി, ചിന്തക്കുണ്ടെ,ചിരിയവൊളാലു ,വുളുവട്ടു എന്ന നാലു ഗ്രാമക്കാരുടെ സാന്നിദ്ധ്യത്തിൽ.
97. ഹിന്ദുപ്പൂരിലെ ചിറക്കടുത്ത വയലിൽ. നോളംബപല്ലവരാജാ ദിലീപയ്യ ഇരൈവനോലംബകാലത്ത് കെങ്ങൂരിലെ 300 മഹാജനം ഒരു ഗണ്ഡൂകം

വിത്തുനിലം ബിട്ടലട്ടേ എന്ന കപ്പം സഹിതം പാശുണ്ഡിബോവര ദുര്ഗ്ഗശെട്ടിക്ക് ചിറയിൽ അണ കെട്ടിയതിന് കൊടുത്തു.

98. മല്ലേശ്വരക്ഷേത്രമുറ്റത്ത് തൂൺ. 959-60. നോലംബപല്ലവരാജാവ് നോലംബാധിരാജാ കാലം. മഹാജനങ്ങൾ വിഷ്ണുക്ഷേത്രത്തിന് ഭൂദാനം.

99. ഹൊന്നെരാലിഹള്ളി. വയലിലെ വീരക്കല്ല്. 963. രൊല്ലേയനൂരിലെ ചിലര് കള്ളനമാരുമായി യുദ്ധം ചെയ്തു. അബ്ബാചാരി ആ യുദ്ധത്തിൽ വീരമൃത്യു അടഞ്ഞു. നോലംബപല്ലവഇരൈവനോലംബനോലിപയ്യ രാജാവ്.

100. മല്ലികാർജ്ജുനക്ഷേത്രത്തൂൺ. കംബഡൂരു. കല്യാണദുർഗ്ഗം താലൂക്ക്. 965. നോലംബപല്ലവരാജാ ഇരൈവനോലംബാടി രാജാ. രാജാവിന്റെ പേരക്കുട്ടി പോളചേരതേവൻ ബെൽഡുഗുഡെ ചിറസം രക്ഷണത്തിന് ബിട്ടുവടഗ്രാമം വിട്ടുകൊടുത്തു. ഗ്രാമത്തിലെ 106 ഗവു ണ്ട ർ ചിറ സംരക്ഷിക്കാനുള്ള ചുമതല ഏറ്റു. പോളചോരതേവന്റെ മന്ത്രി ശ്രീവത്സഗോത്രത്തിലെ ചവുണ്ടയ്യ ഈ സ്തംഭം സ്ഥാപിച്ചു. അവച്ചവമ്മ എഴുതി. മണിവമ്മോജ ലിഖിതപ്പെടുത്തി.

101. ഹേമാവതിഗ്രാമം പടിഞ്ഞാറേ വയലിലെ വീരക്കല്ല്. (പൊട്ടിയത്) 966. -967. നോളംബപല്ലവഇരൈവനോലംബാധിരാജകാലം. ജഗതലപു രത്തെ മൊസലേയരശനും നോലംബാധിരാജന്റെയും പ്രിയബ്ബരശിയുടേ യും മകനായ അയ്യപ്പതേവനും തമ്മിലുള്ളയുദ്ധത്തിൽ എരൈയമ്മൻ ധീരമായി പൊരുതി വീരമൃത്യു പ്രാപിച്ചു. (പെംജേരു എന്ന പഴയ നാമമാണ് ലിഖിതത്തിൽ. ഹേമാവതി എന്നല്ല)

102. ഗൊല്ലാപുരം ഈശ്വരക്ഷേത്രമുറ്റം പൊട്ടിയ തൂൺ. നോലംബാധിരാജാ ബാലസോമഭട്ടാരന് പുഷ്യമാസം ഗുരു മകരത്തിൽ നിൽക്കേ പിരിയമേലാപി ദാനം ചെയ്തു. (പത്താം നൂറ്റാണ്ട്)

103. അഗളി ചൌൽക്കിയുടെ ഉത്തരം നോലംബാധിരാജകാലത്ത് വിഷ്ണുക്ഷേത്രം നിർമ്മിച്ചു. കോടയ്യനെന്ന ദണ്ഡനായകൻ (രാഷ്ട്രകൂട ബല്ലലന്റെ) അത് നോലംബരാജാവിൽനിന്ന് വാങ്ങി , അതിന് ഭൂദാനം ചെയ്തു. അഗളിയിലെ മഹാജനമാണ് ആ ദാനം സംരക്ഷിക്കേണ്ടത്.

104. കല്ലൂരു ചന്നകേശവക്ഷേത്രം മുറ്റത്തെ സ്ലാബ്. നോലംബാധിരാജാ കല്ലലൂരുചിറയുടെ പുനരുദ്ധാരണത്തിന് ബിറ്റലണ്ടേ ദാനം.

105. ഉപ്പര തോനശനഹല്ലിക്ക് കിഴക്കേ വയൽ.വീരക്കല്ല്. നോലംബരാജകാലം. ഒരു വ്യക്തിയുടെ മരണവാർത്ത കേട്ട് മറ്റൊരു വ്യക്തി അഗ്നിയിൽ ആത്മാഹൂതി.(പേരില്ല)

106. നരസിംഹരായനിരൊപ്പഗ്രാമം വീരക്കല്ല്. നോലംബാധിരാജകാലം. നച്ചമഗവുണ്ടൻ, ശത്രുസൈന്യത്തിന്റെ 4 വിഭാഗങ്ങളെ വധിച്ചശേഷം വീരമൃത്യു.

107. ഫലരം ഗൊല്ലരഹട്ടി. വയലിലെ തൂൺ. നോലംബാധിരാജകാലം. കാട്ടുപന്നിയെ കൊന്നശേഷം മരിച്ചുവീണ പുനിഗൻ എന്ന വേട്ടനായക്കു വേണ്ടി , തന്നൂരു ,ചോരഗിരി വാഴുന്ന രാജാവ് നാട്ടിയത്.

108. കൊളഗത്തൂർ ഈശ്വരയ്യയുടെ ധർമ്മപുരിയിലുള്ള വീട്ടിലെ തൂൺ. നോലംബപല്ലവ പോലാളചോരകാലം.(പാലാളചോര 3 എന്ന് അനുമാനം) അമ്മനരായൻ,ഗോവന്ന ഇവരെ അയ്യപ്പതേവൻ തോൽപ്പി ച്ചു. ഈശ്വരനുവേണ്ടി ഭൂദാനം. പൂർവ്വീകൻ മഹേന്ദ്രൻ ഗംഗ 96000 രാജാവായിരുന്നു.

109. കർഷനപ്പള്ളി അർക്കേശ്വരക്ഷേത്രം. സ്ലാബ്. നോലംബപല്ലവവം ശാവലി ഇരൈവനോലംബ, മകൻനന്ദിനോലംബ,പോളചോര, വീരമ ഹേന്ദ്ര 2 എന്ന് തരുന്നു. ചോലനാട്ടിൽനിന്ന് നോലംബവാടിയിൽ വന്നു. കോലാലത്തിൽ വസിക്കുമ്പോൾ(കോലാർ) കീർത്തിഗാ മുണ്ഡന്റെ മക നെ രാജാവാക്കി. ആ നോലംബഗൌണ്ടന് ബെലഗാട്ടൂരും പുലിനാട്ട ക്കേരെയും കൊടുത്തു.

110. കലുഗൊഡുഗ്രാമം തെക്കേ സ്ലാബ്. നോവംബപല്ലവമയിദമ്മരശ കാലം. ബരഗുരുവിൽനിന്ന് ഭരണം. നന്നിഗശ്രായ അയ്യപ്പതേവൻ വീരമൃത്യു അടഞ്ഞ ഇരൈ ഗംഗയ്യന്റേ കുടുംബത്തിലെ കുലുണൌ രശപുത്രൻ മയിദമ്മന് (കിൽഗോണ്ടയിൽ വീരമരണം) കൽനാട് ദാനം. ലിപികൻ കൃതയുഗചോള-----വിതാചാരി.

111. പുംഗനൂർ ജെമീന്ദാരി നെലപള്ളിയിലെ വയലിൽ പാറ.നോലംബപല്ലവ ഇരൈവനനോലംബ ഘടേയങ്കകാരപല്ലവാദിത്യൻ കാലം. ഇരൈവനോലംബ 1 മുതലുള്ള വംശാവലി. രാജാവ് പരുവി നാട്ടിലെ വെന്ദുരുപൊന്നൈയിൽവെച്ച് കുതിരയും ഛത്രവും ,അലപ ന്തുവകൈ, കുഞ്ജം,തളിക,കിൽവട്ട,അഡ്ഡനികേ, ഗഡ്ഡികേ ഇവയും ബലിയയെഗ വരസെട്ടിമകൻ കരവയ്യക്ക് കൊടുത്തു. അവനെ മുമ്മടി ഗവരേ പല്ലവനോലംബസെട്ടി എന്ന പേരോടൊപ്പം പല്ലവാദിത്യപു രമെന്ന പുതിയ പേരിട്ട പുലിനാട്ടിലെ കൊളത്തുറപട്ടണത്തിന്റെ കോടാങ്ങി എന്ന സ്ഥാനവും കൊടുത്തു. ചന്ദിമയ്യൻ രേഖപ്പെടുത്തിയത്.

112. ബെല്ലാരി കൽക്കംബയിൽ കല്ലേശ്വരക്ഷേത്രത്തിനടുത്ത് സ്ലാബ്. 1028. നോലംബപല്ലവജഗദേകമല്ലനോലംബപല്ലവപെരുമാനടിദേവൻ വിപ്രനാരായണത്തിലിരുന്ന് ഭരിക്കുമ്പോൾ സഹാലേ ഗൊഡൻ ചിഹാനപ്പട്ടിയിലെ മഹാദേവർക്ക് ഭൂദാനം.

113. സോമലപുരത്തെ കിണറ്റിനടുത്ത് കല്ല്. 1030. നോലംബരാജാ കനകരാശൻ 6 മാത്ര 100 കമ്മം വിത്തുനിലം അരക്കേരേ മഹാദേവന് ദാനം.

114. കൽക്കംബയിൽ ഗോപിക്കല്ലുഹോള എന്ന വയലിൽ. 1049. ത്രൈലോക്യമല്ലൻ നന്നിനോലംബപല്ലവപെർമാനടികാലം. മുലിഗപൊ----- വ്വഗവുണ്ട ചിയനപ്പട്ടി വിഷ്ണുക്ഷേത്രത്തിന്റെ സേവനത്തിന് ഭൂമിയും , രേഖ എഴുതിവെക്കാനായി ഹാലോജന് 3 മാത്ര ഭൂമിയും കൊടുത്തു.

ബാദാമി ചാലൂക്യർ:-

115. പെദ്ദവഡുഗുരു(ഗൂട്ടി) ഈശ്വരക്ഷേത്രത്തിനടുത്ത്. എരെയിടിയടിക ൾ എന്ന ചാലൂക്യസത്യശ്രേയകാലം. രാണവിക്രമ ബാണരാജനെ തോ ൽപ്പിച്ചശേഷം എൽപത്തുസിംബികേഗ്രാമം കരമൊഴിവായി ഐരേടിയ ടികൾ വിട്ടുകൊടുത്തു. ലിപികൻ മഹേന്ദ്രവല്ലവാചാരിക്ക് 12 മത്ത ർഭൂമി നടനൂരുവിൽ മജാമകരും വിട്ടുകൊടുത്തു.(എരേയനെന്ന് പുല കേശി രണ്ടാമനും പേരുണ്ട്).

116. ബെട്ടപള്ളി ഗ്രാമത്തിനു വടക്കേ കല്ല്. ചാലൂക്യവിജയാദിത്യസത്യശ്രേയകാലം. 20 മാത്ര ചുവന്ന മണ്ണുള്ള ഭൂമി , ഒരു മാത്ര വയൽ,2 മാത്ര തോട്ടം തലേരേയർക്ക് വനരാജന്റെ അമ്മാമൻ വിക്രമാദിത്യൻ വിട്ടുകൊടുത്തു. അദ്ദേഹം രാജാവിന്റെ സാമന്തനായി തുരമാര വിഷയം വാഴുന്നു. തരുണവസന്തൻ, സാമന്തകേ സരി മുതലായ ബിരുദങ്ങളുള്ള വിക്രമാദിത്യൻ അയിരടി വാഴുന്നു . ലിപികൻ ശിങ്കുട്ടി.

117. ആലൂർതാലൂക്ക് ചിപ്പഗിരിക്ഷേത്രം ഭോഗേശ്വരക്ഷേത്രത്തിലെ കല്ല്. ചാലൂക്യവിജയാദിത്യസത്യശ്രേയകാലത്ത് ബന്തരശൻ ധർമ്മഭട്ടാരകന് 50 മാത്ര ഭൂമിയും ഒരു തോട്ടവും മഹാജനങ്ങളുടെ സമ്മതത്തോടെ ക്ഷേത്ര സേവനത്തിനായി വിട്ടുകൊടുത്തു.

118. കടപ്പയിൽ ദവണലപ്പാട്ടിൽ പെണ്ണാറിൻകരയിൽ കല്ല്. ചാലൂക്യ വിജയാദിത്യൻ ഭൂപാദിത്യനു കൊടുത്ത വയൽ.

119. ഗൂട്ടിതാലൂക്ക് നീലൂരുഗ്രാമത്തിന് ഒരു മൈൽ വടക്ക് ലിംഗക്ഷേത്രത്തിനുമുന്നിലെ പൊട്ടിയ തൂൺ. പുരാതനലിപി. ചാലൂക്യകീർത്തിവർമ്മസത്യശ്രേയകാലം. ഗാമുണ്ടന്മാർക്ക് ഛത്രം മുതലായ ബഹുമതികളും നികുതിപിരിവിനുള്ള അവകാശവും.

120. കുരുക്കുണ്ടിഗ്രാമം ഒബലേശ്വരക്ഷേത്രത്തിനരികിലെ സ്ലാബ്. കീർത്തിവർമ്മസത്യശ്രേയചാലൂക്യൻ കൊടുത്ത ഭൂദാനം.

121. നാഗരൂരു ഈശ്വരക്ഷേത്രത്തിനടുത്ത് . ചാലൂക്യ.......ദിത്യകാലം. തൊണ്ടെമന മുത്തരശനെന്ന നാമമുണ്ട്.

122. കുരുഗൊഡുഗ്രാമം ഹനുമന്തക്കുന്നിന്റെ വടക്കുകിഴക്ക് ഉള്ള പാറമേൽ. ചാലൂക്യസത്യശ്രേയകാലം. ഭൂമിയുടെ അളവും കരുംഗൊഡുവിൽ ഉപയോഗിക്കേണ്ട നാണ്യവും പറയുന്നു.

രാഷ്ട്രകൂടർഃ-

123. രാമദുർഗ്ഗം ഭോഗേശ്വരക്ഷേത്രം സ്ലാബ്. അമോഘവർഷകാലം. 12 മമ്ഡലികന്മാർക്ക് സിദ്ധയ്യനും ബലവനം ഒഴികെ കരമൊഴിവാക്കിയ ഭൂമിയും പാണ്ഡവകൊമരയ്യന് 108 മാത്ര ഭൂമിയും രാജാവിന്റെ മകനായ ദുദ്ദയ്യൻ കൊൊടുത്തു (9ആം നൂറ്റാണ്ട്).

124. കാഞ്ചലയിൽ മന്ത്രാല എല്ലമ്മക്ഷേത്രത്തിനു കിഴക്ക് 893-894. രാഷ്ട്രകൂട അകാലവർഷശുഭതുംഗഭട്ടാരക(കൃഷ്ണ 1) കാലം. മഹാസാമന്തനായ ണ്ണൻ സിദ്ധവാടി 1000 ഭരിക്കുന്നു. കണ്ണൻ, ശിവെനായകന് മഞ്ചലയിൽ ചില സ്ഥിതികൾ അനുവദിച്ചുകൊടുത്ത രേഖ.

125. കൊഗളി ഹനുമാൻകോവിലിനു മുന്നിൽ വീരക്കല്ല്. 908. രാഷ്ട്രകൂടരാജാവ് കാലത്ത് യുദ്ധത്തിൽ മരിച്ച ഹെഗ്ഗഡേ തൊമ്മനുവേണ്ടി ഭാര്യ സ്ഥാപിച്ച വീരക്കല്ല്.

126. ഹരഹനഹല്ലി താലൂക്കിലെ കഡബഗെരെ ഗ്രാമത്തിനു പടിഞ്ഞാറേ വയലിൽ . 922. രാഷ്ട്രകൂടനിത്യവർഷഇന്ദ്രബല്ലഹ(3) കാലം. മഹാസാമന്ത ബിജ്ജ കൊഗളി 500, മസിയാദി 140 വാഴുന്നു. കദംബവംശത്തിലെ മുദുദരദേവയ്യപുത്രൻ മലയൻ, നോലംബവാടി അയ്യപ്പന്റെ മകൻ അന്നിഗനോട് പദുഗെല്ലെയിൽവെച്ച് പടവെട്ടി ജയിച്ചശേഷം മരിച്ചു.

127. അതോസ്ഥലം അതോ രാജാവിന്റെ കാലം. മഹാസാമന്ത ബിജ്ജ മസിയവാടി 140 കൊഗളി 500 വാഴുന്നു. കദംബവംശത്തിലെ നകലോകന്റ മകൻ , നോലംബവാടി അയ്യപ്പപുത്രൻ അന്നിഗനോടു പടവെട്ടി ജയിച്ച് മൃത്യു വരിച്ചു. അന്നിഗൻ പടുഗല്ല് ആക്രമിച്ചപ്പോളാണ് ഇത്.

128. കല്ലേശ്വരക്ഷേത്രത്തിനടുത്ത് ജീർണ്ണിച്ച ക്ഷേത്രത്തിനു പടിഞ്ഞാറ്. രത്തകന്ദർപ്പനെന്ന രാഷ്ട്രകൂടഇന്ദ്രവല്ലഭന്റെ കാലത്ത് ബിരുദപോത്തനെന്ന സാമന്തൻ കൊഗളി 500 മസിയവാടി 140 ഭരിക്കുന്നു.അദ്ദേഹം ബലു ഗുളി മഹാജനങ്ങളുടെ സമ്മതത്തോടെ ബലിയറ ബദമ്മന് ബുദഗുൽ സമ്മാനിച്ചു. ബദമ്മൻ അത് ചിറപുനരുദ്ധാരണത്തിനു കൊടുത്തു.

129. ദൊട്ടിമകലയിലെ ജീർണ്ണിച്ച ഈശ്വരക്ഷേത്രത്തിനടുത്ത്. വയലിൽ. 931. രാഷ്ട്രകൂടഗോയിന്ദബല്ലഹ സാമന്തൻ കണ്ണര സിന്ധവാടി 1000 വാഴുന്നു. കുറുള കാമസെട്ടി 50 മാത്രനിലം കാമേശ്വരക്ഷേത്രത്തിന് കൊടുത്തു. ക്ഷേത്രത്തിലെ ജോലിക്കാരായ കല്ലാശാരി(ശിൽപ്പി), ജ്യോതിഷി ,കീർത്തനം പാടുന്നവർ ഇവർക്കായി വീതിച്ചുകൊടുത്തു.

130. ശിരസ്ഥഹല്ലിയിൽ ശങ്കരലിംഗസ്വാമിക്ഷേത്രത്തിനടുത്ത് വീരക്കല്ല്. 931-32. രാഷ്ട്രകൂടഗോയിന്ദഐരവല്ലഭ(ഗോവിന്ദ 4)കാലം .ഗ്രാമയുദ്ധത്തിൽ മരിച്ച യോദ്ധാവ് പഡിഗനൊംബന്റെ കുടുംബത്തിന് മസവാട് 140, കൊഗലിനാട് ഇവ വാഴുന്ന അയ്യപ്പയ്യൻ കൊടുത്ത വയലും തോട്ടവും.

131. ഹലഹരവിയിലെ വയലിലെ പാറ. നിത്യവർഷരാഷ്ട്രകൂടകാലത്ത് ഭാര്യ ചണ്ഡിയംബേ നന്ദാവരത്ത് ബസതി നിർമ്മിച്ച് അതിന് ഭൂമിയും 3 സ്വർണ്ണഗഡ്യാനവും ദാനം ചെയ്തു. കണ്ണാരെയും ജൈനരേയും ശൈവരേയും ഒരുപോലെ രക്ഷിച്ചിരുന്നു.

132. ദനവലപാടുവിലെ ജീർ്ണ്ണിച്ച ക്ഷേത്രത്തിലെ ജൈനവിഗ്രഹപീഠത്തിൽ 2 സംസ്കൃതശ്ലോകം. നിത്യവർഷ ചാലൂക്യൻ (ഈ നാമം ഗോവിന്ദ 4നും ഇന്ദ്ര 2 വിനും ഉണ്ട്) ശാന്തിതീർത്ഥങ്കരന്റെ സ്നാനത്തിനായ് ഒരു ശിലാസ്ഥാനം നിര്മ്മിച്ചു.

133. ബഗളി കല്ലേശ്വരക്ഷേത്രത്തിനടുത്തെ ജീർണ്ണിച്ച ക്ഷേത്രത്തിനു പടിഞ്ഞാറ് മൂന്നാമത്തെ കല്ല്. 944-45. രാഷ്ട്രകൂടകണ്ണരതേവ (കൃഷ്ണ 3) യുടം മഹാസാമന്തനായ ചാലൂക്യ കട്യേര കൊഗളി 500 മസിഡവാടി 140 വാഴുന്നത് . ദോവയ്യ പെർഗദേ ഒദ്ദവ ദംഗിലക്ഷേത്രത്തിനു വേണ്ടി. അജവർമ്മൻ ദാനം ഏറ്റുവാങ്ങി.

134. കുടത്തിനി ഗ്രാമത്തിന്റെ പ്രവേശനദ്വാരത്തിലെ സ്ലാബ്. 947. രാഷ്ട്രകൂടരാജാ ചലകേ നല്ലട അകാലവർഷദേവ(കൃഷ്ണ 3). കുറുങ്ങോട്ടുമഹാജനം 62 മാത്ര വിത്തുനിലം കരമൊഴിവായി ദെക്കമ്മക്ഷേത്രത്തിനു കൊടുത്തിരുന്നു. രുദ്രരാശിഭട്ടാരന്റെ ഉപദേശപ്രകാരം ആ ദാനം രാജാവ് ഉറപ്പിച്ചുകൊടുത്തു. കാർത്തികേയതപോവനത്തിലെ ലോകയ്യ ഗവുണ്ടനെന്ന ബ്രാഹ്മണൻ ക്ഷേത്രത്തിന് ഒരു എണ്ണക്കല്ല് കൊടുത്തു.

135. ബഗളി കല്ലേശ്വരക്ഷേത്രം തെക്കേ ഭാഗത്തേ 16ആം സ്ലാബ്. 956. രാഷ്ട്രകൂടഅകാലവർഷകണ്ണാരദേവകാലം. മഹാസാമന്ത രൊട്ടയ്യ മാസിവാടി 140,കൊഗളി 500, കുക്കനൂർ 30 വാഴുന്നു. ബാബന്തിയിൽനിന്നുള്ള കപ്പം രൊട്ടയ്യ ,ബൽഗുളിയിലെ ഉരോദേവനായ പശുപതിഭട്ടന് സമ്മാനിച്ചു. ദൊരപയ്യൻ ചില സമ്മാനങ്ങളും നൽകി.(കേടുവന്നിരിക്കുന്നു)

136. കൊളഗല്ലുവിലെ തെരുവിൽ. 984. രാഷ്ട്രകൂടഅകാലവർഷകാലം. യ്യപ്പഗൌണ്ടന്റെ സഹോദരൻ ചിങ്കഗൌഡൻ 30 മാത്ര വയൽ,തോട്ടം,

എണ്ണമില്ല് ഇവ ഒരു വിദ്യാധനസത്രം നടത്താനായി സത്യരശിഭട്ടാരനു നൽകി. കാർത്തികേയതപോവനത്തിന്റെ അധിപതി ഗജധരയ്യൻ, (കൊടഗല്ലുവിന്റെ ഭരണാധിപൻ) ഈ സമ്മാനം സാക്ഷ്യപ്പെടുത്തി.

137. പ്രൊദ്ദത്തൂരു രാമേശ്വരത്ത് രാമേശ്വരലിംഗേശ്വരക്ഷേത്രത്തിന്റെ മുറ്റത്തെ തൂണിന്റെ 4 മുഖത്തുമായി കാണുന്ന കേടുവന്ന ലിഖിതം. രാഷ്ട്രകൂട കൃഷ്ണ 3 കാലം. രാജാവിന്റെ സാമന്തൻ കണ്ണയ്യൻ ക്ഷേത്രത്തിനു നൽകിയ നിലം കരമൊഴിവായി കൊടുത്ത രേഖ. തൃപ്പയ്യഗോരവനും ഇതുപോലെ ദാനമുണ്ട്. 25 വരി. സംസ്കൃതശ്ലോകം. രാഷ്ട്രകൂടവംശാവലി .

138. പുഷ്പഗിരി പെണ്ണാറിനടുത്ത് ദുർഗ്ഗാക്ഷേത്രത്തിലെ ശിവക്ഷേത്രത്തിനു തെക്കേ ഭാഗത്ത് കിടക്കുന്ന സ്ലാബ്. കൃഷ്ണകണ്ണിഹതേവ (കൃഷ്ണ 3) നാഗേശ്വരക്ഷേത്രത്തിന് 12 മാത്ര നിലം . എല്ലാ ക്ഷേത്രങ്ങൾക്കും ,പുഷ്പഗിരി സർവ്വേശ്വരനുൾപ്പെടെ ദാനം. രാജാവ് തന്റെ ജ്യോതിതീർത്ഥയാത്ര കഴിഞ്ഞെത്തിയപ്പോഴാണ് ദാനം (11ആം നൂറ്റാണ്ട്)

139. കുടത്തിനി കുമാരസ്വാമിക്ഷേത്രത്തിന്റെ രംഗവേദിയിലെ നിലത്ത്. 971. രാഷ്ട്രകൂടരാജാവ് തല . ഗ്രാമം നിലം ഇവ ക്ഷേത്രത്തിന് വിട്ടുകൊടുത്തു (സംസ്കൃതം)

140. ബഗളി കല്ലേശ്വരക്ഷേത്രത്തിനടുത്ത് ജീർണ്ണിച്ച ക്ഷേത്രത്തിനു വടക്ക് സ്ലാബ്, 972. രാഷ്ട്രകൂട ഖൊട്ടികദേവകാലം. ഗംഗവംശത്തിലെ പെരുമാനടി അദ്ദേഹത്തിന്റെ സാമന്തൻ. മഠത്തിന് ഭൂമി, മഹേന്ദ്രതേവപണ്ഡിതനും ഭൂമി ദാനം.

കല്യാണിചാലൂക്യർ:-

141. കൂടത്തിനി ദുർഗ്ഗേശ്വരി ക്ഷേത്രത്തിനുമ മുന്നിൽ. 976. താലൂക്യആഹവമല്ലതേവ (തൈല 2) . ഭൈരവദേവസേവനത്തിനും മറ്റൊരു ദേനസേവനത്തിനുമായി ദണ്ഡഗതി ഗദാധരബ്രഹ്മചാരി പഞ്ചവർഗ്ഗം, ഹമ്പനഭട്ടാചാര്യരെന്നിവരുടെ സാന്നിദ്ധ്യത്തിൽ ഭൂദാനം. കാർത്തികേയതപോവനമുഖ്യനാണ് ബ്രഹ്മചാരി.

142. കഞ്ചങ്കര ബെല്ലഗല്ലു ആഞ്ജനേയക്ഷേത്രത്തിനടുത്ത സ്ലാബ്. 981. ചാലൂക്യആഹവമല്ലതേവരുടെ കാലം. കാഞ്ചഗാര ബെൽഗാളിയിലെ 3 ശിവക്ഷേത്രങ്ങൾക്ക് പണ്ടുണ്ടായിരുന്ന സ്ഥാനമാന്യം വീണ്ടും കൊടുത്തു. കാഞ്ചീശ്വരൻ വീരനോലംബപെരുമാനടിതേവന്റെ രാജ്ഞി രേവലതേവി 6 മാത്ര നിലം കളഭ്രീയ(കാലപ്രിയ)ദേവനും 2 വിഷ്ണുക്ഷേത്രങ്ങൾക്കും നൽകി.

143. കല്ലേശ്വരക്ഷേത്രം വടക്കുഭാഗം മൂന്നാം സ്ലാബ്. 987. ചാലൂക്യ ആഹവമല്ലകാലം. മഹാസാമന്തൻ ആയ്തവർമ്മൻ, കിശുക്കലദു 70, കൊഗളി 500, വാഴുന്നകാലം. ബൽഗുളി 50 മഹാജനം ദുർഗ്ഗമയ്യൻ പ്രതിഷ്ഠിച്ച സൂര്യദേവന് സേവനത്തിന് തോട്ടെ സമ്മാനിച്ചു.

144. അതേ ക്ഷേത്രം 17ആം സ്ലാബ്. 991. ചാലൂക്യആഹവമല്ലദേവൻ വെറ്റിലമേലുള്ള കരം പണ്ട് രാഷ്ട്രകൂടകണ്ണരദേവൻ നിശ്ചയിച്ചത് അഞ്ഞൂറ്റുവർക്ക് ഉറപ്പിച്ചുകൊടുത്തു. ആദ്ത്യവർമ്മരശൻ കൊഗളി 500 വാഴുന്നു. ആയിരത്തഞ്ഞൂറ്റുവർക്ക് ബാരിക്കച്ചക്ക് ചില നികുതി കൾക്കായി സമ്മാനം കൊടുത്തു. ലിപികൻ ചന്ദോജൻ.

145. കൊഗലി ബസ്തിക്കു മുമപിലെ മണ്ഡപത്തിന്റെ കിഴക്കേ സ്ലാബ്. 992. ചാലൂക്യആഹവമല്ലദേവൻ റൊദ്ദയിൽനിന്ന് ഭരിക്കുന്നു. കദംബവംശത്തിലെ ആദിത്യവർമ്മരശനെന്ന സാമന്തൻ 10 അശ്വമേധം ചെയ്ത് കൊഗളി 500, സുന്ദവട്ടി 12 ഭരിക്കുന്നു. രാജാവ് ബ്രാഹ്മണർ, ചെട്ടികൾ, ഗവുണ്ടര് സ്ഥാനാധിപതി ഗണധരദേവന്റെ 5 മഠങ്ങളെന്നി വക്ക് മാന്യനിലം നൽകി. മറ്റുനിലങ്ങളുടെ നികുതി ഉറപ്പിച്ചു. ആചാര ലംഘനത്തിനും അവിഹിതബന്ധത്തിനും പ്രായശ്ചിത്തം പിഴ വിധിച്ചു. (പുരുഷന് മൃത്യു, സ്ത്രീക്ക് നാസികാഛേദനം)കള്ളന് വധശിക്ഷ, അടി ച്ച് ചോര വരുത്തുക , മുറിവു പറ്റിക്കുക, 8 പണം പിഴ ഇവ ശിക്ഷ. മഹാജനം, ഗവുണ്ടർ, 5 മഠക്കാരെന്നിവരെ നിർബന്ധിതതൊഴി ലിൽനിന്ന് (ബിട്ടി) ഒഴിവാക്കിക്കൊടുത്തു.

146. കുമാരസ്വാമിക്ഷേത്രമണ്ഡപത്തിലെ പൊട്ടിയ കല്ല്.996. ചാലൂക്യആഹവമല്ലദേവ(തൈല 4) കാർത്തികേയതപോവനാധികാരിയുടേയും കൊടിത്തോനിയിലെ അഞ്ചുവർഗ്ഗക്കാരുടേയും മുന്നിൽവെച്ച് തോട്ടം ദാനം

147. ഗൊണഹലുശിവക്ഷേത്രത്തിനുമുമ്പിലെ പൊട്ടിയ കൽക്കഷ്ണം. ചാലൂക്യവിക്രമാദിത്യദേവ ഇരൈവനോലംബാധിരാജാവും രാജ്ഞിയും ,പമ്പയിലെ മഹാകാലദേവനെന്നുള്ള പരാമർശം. ശകം 93 ശ്രാവണം

148. ബഗളി കല്ലേശ്വരക്ഷേത്രം നരസിംഹസ്വാമി പ്രവേശനദ്വാരം. മണ്ഡപത്തിനുമുമ്പിലെ മൂന്നാം കല്ല്.1018. ചാലൂക്യജഗദേകമല്ല ജസയിംഹമഹാദേവ 2 സാമന്തൻ ജഗദേകമല്ലനോളംബപല്ലവപ്പെരു മാനടി അഥവാ ഉദയാദിത്യദേവൻ ഗംഗാവാടി 96000 കദംബലികേ 1000 കൊഗലി 500 മസിയവാദി 140 ലെ 5 ഗ്രാമം, ബല്ലക്കുണ്ടേ 300,കുടി ഹര 70 എടദോർ 2000 ഭരിക്കുന്നു. ഉദയാദിത്യന്റെ കൽപനയാൽ പെർഗദേ നാരസിംഹയ്യ ബാൽഗുളിയിൽ വന്നു.ബാൽഗുളി,ബിക്കി മഹാജനങ്ങളുടേയും ബിക്കിയ 70ന്റെ മാന്നേയന്റേയും വീരഭട്ടന്റേ യും മുന്നിൽവെച്ച് സോമസിംഹഊലാരന്റെ കാൽകഴുകി കലിദേവ

സ്വാമിക്ക് നിലങ്ങൾ സമർപ്പിച്ചു. ദേവദാസികളുടെ ചെലവ്,ഭൃത്യരുടെ ചെലവ്,ഗുരുക്കന്മാ ർക്കും വിദ്യാർത്ഥികൾക്കും നിത്യം സൊജന്യഭ ക്ഷണം കൊടുക്കുന്ന തിലേക്ക് വേണ്ടത് ഇവ ദാനം.നരസിംഹയ്യ ധൈര്യത്തിൽ പ്രശംസനീയനാണ്. കമ്പുളിയിൽനിന്ന് ഉദയാദിത്യൻ ഭരി ക്കുമ്പോൾ പമ്പാപുരതീർത്ഥം സന്ദർശിച്ചപ്പോളാണ് ഈ ദാനം.

149. അതേ ക്ഷേത്രം 6ആം സ്ലാബ് തെക്കുള്ളത്. ഇതേ ലിഖിതം വീണ്ടും.

150. ഹിരെമഗലഗേരി ചിറയിൽ സ്ലാബ്. 1021-22. ചാലൂക്യജഗദേകമല്ലദേവ (ജയസിംഹ 2) ദണ്ഡനായകൻ പൊലാളമയ്യൻ ബ്രഹ്മർഷി ജീയാർക്ക് ഭൂദാനം. മറ്റു രണ്ട് ദാനം കൂടി ഉണ്ട്. 1. ചന്ദ്രാഭരണജീയാര്ക്ക് ജഗദേകമല്ലനോലംബപല്ലവൻ ബല്ലക്കുണ്ടേ 300, കുടിഹരവി 70 ഭരിക്കുമ്പോൾ.ശകം 955ൽ ശ്രീമുഖവർഷത്തിൽ കൊടുത്തത്. 2. ബ്രഹ്മാദിരാജൻ ശകം 956ഭവവർഷം സ്വയംഭൂദേവന് നൽകിയത്.

151. കട്ടെബെണ്ണൂർ ഉദുചലവു ക്ഷേത്രത്തിനടുത്ത കിടക്കുന്ന തൂണില്. ശകം 947. 1025. ചാലൂക്യജഗദേകമല്ല ജയസിംഹ 2 . ബെണ്ണേവുര 12 ഭരിക്കുന്ന മദുവർമ്മദേവൻ മാന്നോയമല്ലപൻ എന്നീ നാമങ്ങളും കാണുന്നു.

152. കൽക്കാംബ ചാവടിക്കടുത്ത സ്ലാബ്. 1030. ജഗദേകമല്ലനോലംബപെരുമാനടി ചെയ്ത ധർമ്മപ്രതിഷ്ഠ

153. തെലിഗി ഹരിഹരസ്വാമിക്ഷേത്രത്തിനടുത്ത്.1032. ചാലൂക്യജഗദേകമല്ല ജയസിംഹദേവ 2 കാലം. സാമന്തൻ ജഗദേകമല്ലനോവംബപല്ലവപെരുമാനടി നോലംബവാടി 32000 കദംബലികേ 1000, കൊഗളി 500, ബല്ലക്കുണ്ടേ 300, കന്തിപ്പറവി 70, കരിവീടു 30 ഭരിക്കുന്നു. തെലഗിയിലെ ഉരോദേയൻ കണ്ണിമയ്യ കരിഗൊഡർക്ക് കുടലൂർ ശങ്കരനാരായണദേവസമക്ഷം വയൽ ദാനം.

154. തലവഗാലു ഭാഗ്യേശ്വരക്ഷേത്രത്തിലെ ശ്രീമുഖം. 1093 .തലവഗിലു ഭോഗേശ്വരക്ഷേത്രത്തിലെ മുഖ്യപൂജാരി മരിച്ചു. സേനഗൌഡപുത്രൻ ചിക്കഗൌഡനും അമ്മാരൻ നേമഗൊഡനും 60 കുടുംബക്കാരും 12 ഹിത്തുക്കളും നാഗയ്യനെ പൂജാരിയായി നിയമിച്ചു.

155. അതേ സ്ലാബ്. 1034. ചാലൂക്യജഗദേകമല്ലദേവ സാമന്തൻ ജഗദേകമല്ലഉദയാദിത്യദേവൻ എന്ന കാഞ്ചീശ്വരൻ നോലംബവാടി 32000, കാദംബലികേ 1000, കൊഗലി 500, ബല്ലഗുണ്ടേ 300,കുടിഹരഗേ 70 ,ക രിവിടി 30 ഭരിക്കുന്നു. തലവഗേ ഭോഗേശ്വരദേവന് അദ്ദേഹം കൊടു ത്ത ഭൂദാനം, ഭക്ത,ഗായക,കല്ലാശാരിമാരുടെ നിത്യച്ചെലവിനുവേണ്ടി.

156. ചിംനഹല്ലി ആഞ്ജനേയക്ഷേത്രം 1034-35. ജഗദേകമല്ലദേവകാലം സാമന്തൻ ജഗദേകമല്ലനോലംബപല്ലവൻ നെൽക്കുദുരേ വാഴുന്ന മനെവെർഗ്ഗദേ കേടയനായകൻ നിലവും വർഷംതോറും അരിയും കലിദേവന് സമർപ്പിച്ചു.

157. കല്ലീശ്വരക്ഷേത്രം തെക്ക് ഭാഗം. 1035. ചാലൂക്യജഗദേകമല്ലദേവജയസിംഹ 2. ബൽഗുലി 50 മഹാജനം ക്ഷേത്രത്തിൽ സമ്മേളിച്ച് ധാന്യവും ഉപ്പും 2 വല്ലം കണക്കിൽ ഒരുപൊന്നിന് ഓരോ വസ്തുവും വരുംവിധം ശേഖരിച്ച് 103 ഗഡ്യാനം. അത് വിറ്റുകിട്ടിയ തുക നിത്യം നാലുപേർക്ക് ഭക്ഷണം കൊടുക്കാനായി നിക്ഷേപിച്ചു. കലിദേവഭക്തയും കാമവേ നാഗവേ പുത്രിയുമായ ശിരിയവേ തന്റെ ഗൃഹവും സമർപ്പിച്ചു, അതിലെ താമസക്കാരും 2 പണംവീതം ഈശ്വരന് നിത്യനന്ദാവിളക്കെരിക്കണമെന്ന് വ്യവസ്ഥ ചെയ്തു,

158. തല്ലീശ്വരക്ഷേത്രം ചാലൂക്യജഗദേകമല്ലദേവ ജയസിംഹ 2 കാലം. സാമന്തൻ നോളംബപല്ലവപ്പെരുമാനടി കദംബലികേ 1000, ബല്ലക്കുണ്ടേ 3000 കൊഗളി 500 ഭരിക്കുന്നു. അയ്യനഭൈവജോഗരശനും മാരഗവുണ്ടനും കലിദേവന് ഭൂദാനം. കൊഗളി 500ൽ മൊസലമേട് ഗ്രാമം ഗുരുദേവൻ ഭരിക്കുന്നു.

159. ഒരുവായി രാമലിംഗേശ്വരക്ഷേത്രം. 1036. ചാലൂക്യജഗദേകമല്ല ജയസിംഹ 2 കാലം. രാജപത്നിയും നോലംബസാമന്തഉദയാദിത്യന്റെ പുത്രിയുമായ നോലംബമഹാദേവി ദേവലദേവിയുടെ അസ്ഥി ഗംഗയിലൊഴുക്കിയതിന് മാധവഷഡംഗിക്കും കൃ്ണയ്യനും കൊടുത്ത ഭൂദാനം.

160. അതേ ക്ഷേത്രം ജീർണ്ണിച്ച കല്ല്. 1036. ചാലൂക്യജഗദേകമല്ലദേവ ജയസിംഹ 2 , രാജ്ഞി ദേവലദേവി. മഹാമണ്ഡലേശ്വര, കാഞ്ചീപുരേശ്വര ഉദയാദിത്യപുത്രി. ഇവർ മഹാദേവഷഡംഗി കൃഷ്ഷയ്യ, തൃപ്പാദ ദേവയ്യഇവർക്ക് നോലംബദേവിയുടെ അസ്ഥി ഗംഗയിലൊഴുക്കിയതിന് ദാനം.

161. സോഗി ഹഡഗല്ലി കല്ലേശ്വരക്ഷേത്രത്തിനു പുറത്ത് .1038. ചാലൂക്യജഗദേലമല്ലദേവ. 50 മാത്ര നിലവും തോട്ടവും സോഗയൂർ മഹാജനത്തിനു മുമ്പിൽവെച്ച് ഉദയാദിത്യൻ നാടുവാഴുമ്പോൾ ജഗദേകമല്ലനിർമ്മാദ് നോലംബൻ മസേലവാടി 140 വാഴുമ്പോൾ,....

162. കഞ്ചിക്കേരെ ജീർ്ണ്ണിച്ച മണ്ഡി മഠത്തിനടുത്ത്. 1039. നോലെബജഗദേകമല്ലനോലംബപല്ലവപെരുമാനടിദേവൻ കൊഗളി 500, കദംബലികേ 1000 വാഴുന്നു. പെർഗഡെ ബച്ചിമയ്യ കാഞ്ചിക്കരെ ഭരിക്കുന്നു. സന്ധിവിഗ്രഹി അരിദാസയ്യ ലിംഗപ്രതിഷ്ഠയും ഭൂദാനവും.

163. ശിവപാദത്തിലെ ആഞ്ജനേയക്ഷേത്രത്തിനുമുമ്പിൽ. 1041-42. ചാലൂക്യജഗദേകമല്ല .ഹൊസവദംഗിലെ മഹാജനം ക്ഷേത്രത്തിനു ഭൂമിദാനം. സരസ്വതീദേവിക്കും സമർപ്പണം

164. തുംബിഗേരെ ഈശ്വരക്ഷേത്രം .ചാലൂക്യരാജാവിന്റെ സാമന്തൻ ജഗദേകമല്ലനിർമ്മാദി നോലംബപെരുമാനടിദേവ കൊഗളി 500, കരിവിടി 30 ഇവയടക്കം ഗംഗാദിതലസ്ഥാനത്ത് ഭരിക്കുന്നു. രാജാനുമതിയോടെ പംർഗ്ഗഡേ ചണ്ഡിമയ്യനായിക്ക് 00 കമ്മം തുംബിഗേരേ മൂലസ്ഥാന ദേവന് , 300 കമ്മം സന്യാസിമാർക്കും 6 മാത്ര മഠത്തിനും വിട്ടുകൊടുത്തു. ഇദ്ദേഹം ജയസിംഹ 2ന്റെ സാമന്തനായിരുന്നതിനാൽ അക്കാലത്താവണം.

165. കട്ടേബെണ്ണൂരു ചിറയിൽ അകലക്കല്ല്. ചാലൂക്യജഗദേകമല്ലകാലം .തന്ത്രപാലൻ മച്ചയ്യയുടെ ഭൂദാനം (11ആം നൂറ്റാണ്ട്)

166. ശ്രീവാരം ഈശ്വരക്ഷേത്രം ബെല്ലാരി . 1044. ചാലൂക്യത്രൈലോക്യമല്ല നന്നിനോലംബാധിരാജാ . കപ്പെക്കല്ലുമുഖ്യൻ പുലിയണ്ണനെ ബാലെക്കുണ്ടു 300ൽ അവരോധിച്ചു. ഉദയാദിത്യദേവന്റെ സാമന്തനായ പല്ലവരശൻ കപ്പെക്കല്ല് ജ്യേഷ്ഠരശി ബാലരക്ക് സമ്മാനം . 8 മാത്ര ഭൂമി മഹാദേവനും 8 മാത്ര മഠത്തിനും കൊടുത്തു. തോട്ടവും എണ്ണമില്ലും കൊടുത്തു. ബ്രഹ്മപുരിദേശം ശ്രീധരയ്യന് കൊടുത്തു.

167. സാത്തൂർ കല്ലേശ്വരക്ഷേത്രത്തിനരികിൽ . 1044 . ചാലൂക്യത്രൈലോക്യമല്ലതേവ സോമേശ്വര 1. ജഗദേകമല്ല നന്നിനോലംബപെരുമാനടിതേവൻ കൊഗളി 500, കദംബലികെ 1000, ബല്ലകുണ്ടേ 300, കനിയക്കല്ലു 300, വാഴുമ്പോൾ സത്തിയൂർമുഖ്യൻ സോവിമയ്യയും മസവാടി 1040ൽ മാനേയൻ കുപ്പരശനും സത്തിയൂർ മഹാദേവന് നിലം ദാനം ചെയ്ത് ദാവദശിയപുത്രൻ ധർമ്മദേവനെ ഏൽപ്പിച്ചു.

168. ഹവിനഹലുവീരപുരം ആഞ്ജനേയക്ഷേത്രം 1045. ചാലൂക്യആഹവമല്ലദേവകാലം. ഉദയാദിത്യസിന്ധരശൻ ദൊണ്ടവട്ടിഗ്രാമത്തിന് നികുതിദാനം. സാമന്തൻ ത്രൈലോക്യമല്ലനന്നിനോലംബപല്ലവ പെരുമാനടികാഞ്ചീശ്വരൻ നാടുവാഴുമ്പോൾ.

169. മൊരിനേരി ഉട്ടിബസവണ്ണക്ഷേത്രം 1045. ചാലൂക്യത്രൈലോക്യമല്ലആഹവമല്ലതേവൻ. നോലംബഘടേയാങ്കകരദേവപുത്രൻ ഉദയാദിത്യദേവൻ, പുത്രൻ ജഗദേകമല്ലനോലംബൻ അഥവാ ഇർമ്മാദിനോലംബൻ, സഹോദരൻ ത്രൈലോക്യമല്ലനന്നിനോലംബപല്ലവപെരുമാനടി.

170. ചാലൂക്യസാമന്തൻ ബല്ലകുണ്ട 3000, കൊഗളി 500, കദംബലികേ 1000, കുടിയഹരഹ 70, കരിവിടി 30, നോലംബവാടി 32000.

ധീരയോദ്ധാക്കളായ ലങ്ക 1000, ദണ്ഡനായക തിക്കന്ന എന്ന മുഖ്യനു കീഴിൽ 6 പട്ടണം ഭരിക്കുന്നു. 1.അമ്മേലെ, 2. നെലിക്കുദിരു. 3. സൊന്ന, 4. പോളൽഗുണ്ടേ, 5. സുഗുരു 6. മൊനിങ്കരേ. നോലംബേശ്വരല ങ്കേശ്വരപ്രതിഷ്ഠക്ക് അവർ രാജാവിൽനിന്നുകിട്ടിയ ശവന്തീയപാലു നിലം ശിവപുരമെന്നു പേരിട്ട് സിംഹപരിഷയുടെ സോമേശ്വരപണ്ഡിത പാദം കഴുകി (കൊഗളിമഠാധിപതി ജ്ഞാനേശ്വരപണ്ഡിതന്റെ ശിഷ്യ ൻ, ജ്ഞാനേശ്വരൻ മലയാളപണ്ഡിതശിഷ്യൻ) ഘട്ടിയരശനെക്കൊണ്ട് ദാനം കൊടുപ്പിച്ചു. ശിവപ പിടിച്ച് പുവിനപദ്ധ്കിലെ ശിബിരത്തിൽ രാജാവ് ഇരിക്കുന്ന സമയത്താമിത്. ചാത്തരശൻ, ഘടിയരശൻ, സെനാ ഭോവ ഗോവിന്ദയ്യനെന്നിവർ , ദേവദാസികൾക്കും ഗായകഗണത്തിനും ക്ഷേത്രപരിചാരകർക്കും ശിൽപ്പി മുകുച്ചോജനുമായി ദാനങ്ങൾ ചെയ്തു. ഇവിടത്തെ സന്യാസിമാർ കൃത്യമായി സദാചാരം പാലിക്കണം. ദുരാചാരികളെ ഉടനെ പുറത്താക്കണം. നാടരശനും 12 മഹാജനത്തിനും ആച്ചാകുലനാഗമയ്യൻ എഴുതി, അഗ്ഗലേശപുത്രൻ മുച്ചോജ രേഖപ്പെടുത്തിയത്.

171. മല്ലറ സോമലിംഗേശ്വരക്ഷേത്രത്തിനു മുന്നിലെ വാതിലിനടുത്ത്. 1046. ചാലൂക്യത്രൈലോക്യമല്ലകാലം. മഹാമണ്ഡലേശ്വര ഗദരാദിത്യരശ ൻ സിദ്ധവാടി 1000, നരുഗുണ്ട അഗ്രഹാരം, ബെണ്ണയൂർ വാഴുമ്പോൾ കാളിമയ്യ എന്ന കാളിദാസരായൻ മെലിമാടു തേജോരാശിപണ്ഡിതശിഷ്യ ൻ ചില്ലുകാചാര്യന്റെ കാലുകഴുകി ഭൂദാനം ചെയ്തു. സ്വയംഭൂദേ വനും മൂലസ്ഥാനദേവനുമായി 2 ഗൃഹവും ഒരു ഹാളും കൊടുത്തു. 200 മഹാജനങ്ങൾ, ഒരു ബ്രഹ്മചാരിയെ ക്ഷേത്രാധികാരിയായി നിയമിക്കണം. ഗൃഹസ്ഥാശ്രമിയെ ഓടിക്കണം. രാജാവ് പഞ്ചസാര,ഉപ്പ് മറ്റ രസങ്ങൾക്ക് ഈ സ്ഥാനത്ത് നികുതി ചുമത്തുന്നില്ല. ഒരു പണം ക്ഷേത്രം അശുദ്ധമാക്കുന്നതിനും 6 പണം വെട്ടുന്നതിനും 12 പണം രക്തം വരുത്തുന്നതിനും 8 പണം കൊള്ള ചെയ്യുന്നതിനും പിഴ ഈടാക്കണം. നാഗവരൻ പറഞ്ഞുകൊടുത്ത് നാഗയ്യൻ എഴുതി ചവുണ്ടോജൻ രേഖപ്പെടുത്തി. കാളിദാസന്റെ സഹോദരന്മാരായ ദേകനേയും മെച്ചികനേയും അനുസ്മരിക്കുന്നു.

172. ബ്രഹ്മദേവയ്യപുത്രൻ കാളിദാസന്റെ ഭൂദാനം. മൂലസ്ഥാനദേവന് നിത്യനന്ദാവിളക്ക് എരിക്കുന്നതിന്. (അതേ സ്ലാബിൽ)

173. ഉദിബസവണ്ണക്ഷേത്രവരാന്ത മൊരിഗേരി. 1046. ചാലൂക്യത്രൈലോക്യമല്ലതേവ സോമേശ്വര 1. സാമന്തൻ ത്രൈലോക്യമല്ലനോലംബപല്ലവപെരുമാനടി ബല്ലക്കുണ്ടേ 300 കൊഗളി 500, കദംബലികേ 1000, കുടിയഹരവി 70, കരിവിടി 30, നോലംബവാടി 32000 ഭരിക്കുന്നു. ലങ്ക 1000 പല്ലവരാജ്യത്തിന്റെ

നെടുംതൂണുകളാണ്. വീരാവതാര , ഏകൈകവീരരായ അവർ അമ്മെലെ ,നെൽക്കുദുരെ, സൊന്ന, ഹേലഗുണ്ടേ, സുഗുരു, മോറിക്കുരേ എന്നിവ തീക്കണ്ണ ദണ്ഡനായകനു കീഴിൽ ഭരിക്കുന്നു. അവർ രാജാനുമതിയോടെ 100 മാത്ര ഭൂമി ബല്ലവരാശനിൽനിന്ന് നേടി, നോലംബേശ്വര സേവക്കും വിദ്യാഭ്യാസത്തിനുമായി വിരൂപാക്ഷസന്നിധിയിൽ സോമേശ്വരപണ്ഡിതനെന്ന ഗുരുപാദം കഴുകി ദാനം ചെയ്തു. ദണ്ഡനായക സോവിമയ്യ കിണറുകുഴിപ്പിച്ചു. സോമതീർത്ഥമെന്ന് പേരിട്ടു.നിലവും തോട്ടവും ക്ഷേത്രത്തിനു ദാനം ചെയ്തു. വിഷ്ണയ്യ എഴുതി കലിയോജ ലിപികൊത്തി.

174. ആഞ്ജനേയക്ഷേത്രത്തിനടുത്ത് ബച്ചേഗുണ്ടുപാറയിൽ. 1047.
ചാലൂക്യത്രൈലോക്യമല്ലതേവ. മഹാമണ്ഡലേശ്വരഗാന്ധാരാദിത്യരശൻ സിന്ധവാടി 1000, ബെണ്ണെവൂർ 12 , നറുഗൊണ്ട വാഴുന്നു. അദ്ദേഹം 6 മാത്ര നിലം കംചഗാരബെൾഗാലിവിഷ്ണുക്ഷേത്രത്തിന് കൊടുത്തു.

175. കൊഗളിചാവടിക്കടുത്ത് വീരക്കല്ല്.
ചാലൂക്യത്രൈലോക്യമല്ലദേവന്റെ സാമന്തൻ ത്രൈലോക്യമല്ലനന്നി നോലംബപല്ലവപെരുമാനടി. ഗട്ടിദേവകൽപ്പനയാൽ, ഉദയാദിത്യഎച്ചനായകൻ കുതിരപ്പുറത്ത് കൊഗളിപശുക്കളെ കട്ടവരെ വധിച്ചശേഷം പശുക്കളെ വീണ്ടെടുത്ത് മരിച്ചുവീണു.

176. ശങ്കരലിംഗേശ്വരക്ഷേത്രം ശിരസ്തഹല്ലി. 1050.
ചാലൂക്യത്രൈലോക്യമല്ലദേവന്റെ സാമന്തൻ പല്ലവനരസിംഹദേവൻ കൊഗളി 500 കദംബലികേ 1000 ബല്ലകുപ്പ 300 സിന്ധവാടി 1000 വാഴുന്നു. ഭൂതബ്ബരശിയര കൊക്കരശനും ഗ്രാമത്തിലെ മഹാജനവും തലവൻ പുട്ടിയണ്ണനും നിലവും കവുങ്ങിൻതോപ്പും പൂന്തോപ്പും എണ്ണമില്ലും തേജോനിധിപണ്ഡിതശിഷ്യൻ വിദ്യാനിധിപണ്ഡിതന് ശിരവടെ മൂലസ്ഥാനത്തെ ശങ്കരദേവസേവക്ക് ദാനം ചെയ്തു.

177. ബഗളികല്ലേശ്വരക്ഷേത്രം. വടക്കുഭാഗം 1048-49.
ചാലൂക്യത്രൈലോക്യമല്ലദേവകാലം മഹാസാമന്താധിപതി വാലിയന്ത 12 മാത്രഭൂമി ദാനം

178. തലക്കല്ലു കല്ലേശ്വരക്ഷേത്രം 1052-53.
ചാലൂക്യത്രൈലോക്യമല്ലദേവസാമന്തൻ
ത്രൈലോക്യമല്ലനോലംബപല്ലവപെരുമാനടി കൊഗളി 500 ബല്ലക്കുമെ 300 കദംബാലികെ 1000 വാഴുന്നു. അദ്ദേഹത്തിന്റെ മഹാസാമന്തൻ ബമ്മദേവൻ തൊനംകലി, നിട്ടൂർ, ബസിക്കൊഡു വാഴുന്നു. തൊലകലി ചവുണ്ടയ്യൻ 11 മാത്രനിലം ഗുണ്ടിയക്കേരെ ചിറയുടെ നവീകരണത്തിനും രക്ഷക്കുമായി

179. പുംഗബട്ട കല്ലേശ്വരക്ഷേത്രം 1052. ചാലൂക്യത്രൈലോക്യമല്ലതേവ സോമേശ്വര 1 സാമന്തൻ ത്രൈലോക്യമല്ലഇരൈവനോലംബപല്ലവ പെരുമാനടി നരസിംഹദേവന്റെ പത്നി നെലുംബമഹാദേവി ഹൊാസഗെരെ മഹാദ്വന് ഭൂമി ദാനം.

180. ചിന്നതുംബലം വയലിലെ മണ്ഡപത്തിലെ കല്ലുകൊണ്ടുള്ള ഉത്തര ത്തിൽ. 1052. ചാലൂക്യത്രൈലോക്യമല്ലതേവന്റെ സാമന്തൻ വീരനോലം ബപല്ലവപെരുമാനടി എന്ന വീരനോലംബഘട്ടിദേവൻ വീരമഹേശ്വര പണ്ഡിതശിഷ്യൻ മഹാവാടിബസതിപണ്ഡിതനു കൊടുത്ത ദാനം.

181. നന്ദികാംബകല്ലേശ്വരക്ഷേത്രം. അടുത്ത് സ്ലാബ്. 1053. ചാലൂക്യത്രൈലോക്യമല്ലദേവന്റെ സാമന്തൻ കദംബവംശത്തിലെ നാഗത്ത്യരശൻ കദംബലികേ 1000 വാഴുന്നു. നാഗന്യരശനും പെർഗഡേ മകിമയ്യനും സ്ഥലവാസികളും ഹുലിബെയഗട്ടയിലെ കദംബേശ്വരദേവന് ഗുരു സോമേശ്വരപണ്ഡിതന്റെ കാലുകഴുകി ചെയ്ത ദാനം. കല്ലാശാരി മണികാചാരിക്ക് 5 കോലഗഭൂമി. ഹിരിയചവുണ്ടോജനും കിരിയചവു ണ്ടോജനും 10 കോലഗ വീതം ഭൂമി.

182. ഹിരൈമംഗലഗേരി ചിറയിലെ സ്ലാബ്. 1054. ഗദേകമല്ലനോലംബബ്രഹ്മാദിരാജകാഞ്ചീശ്വരൻ സ്വയംഭൂദേവന് ചന്ദ്രഭൂഷണപണ്ഡിതന്റെ കാലുകഴുകി ദാനം ചെയ്തു. കരമൊഴിവായ ഭൂദാനം. 4 ദേവദാസികളെ ദർപ്പണനികുതി ഒഴിവാക്കി ക്ഷേത്രത്തിനു വിട്ടുകൊടുത്തു.

183. കമ്മർചോടു ഭോഗേശ്വരക്ഷേത്രമുറ്റം 1054. ചാലൂക്യത്രൈലോക്യമല്ലതേവ സാമന്തൻ വീരനോലംബഘട്ടിദേവ കാഞ്ചീശ്വരൻ സിന്ധുവാടി 1000 ഭരിക്കുന്നു.ഗവുണ്ടന്മാരുടെ അഭ്യ ർത്ഥനപ്രകാരം നോലംബരാജാവ് മൂലസ്ഥാനദേവനും ഭോഗീശ്വരദേ വനും ഭൂദാനം ചെയ്തു. കാമ്പില്ലിയിൽ ഭാനു ഭരണത്തിലിരിക്കവെ മഠാധിപതി ബ്രഹ്മേശ്വരജീയാർ ലിപികൻ.

184. നന്ദിബേവൂരിലെ ആഞ്ജനേയക്ഷേത്രത്തിനടുത്ത് 1054. ചാലൂക്യത്രൈലോക്യമല്ലദേവൻ സാമന്തൻ ത്രൈലോക്യമല്ലനോലംബപ ല്ലവൻപെരുമാനടിതേവ. (കൊളിഗ, കദംബലികെ, ബല്ലകുണ്ടേ, കനിയക്കല്ലു, നോലംബവാടി) ജഗദേകമല്ലനോലംബബ്രഹ്മാദിരാജാ ഗട്ടിയരശൻ ഉരോദേയസിയമയ്യ 120 മഹാജനം സമ്മേളിച്ച് നോളംബനരസിംഹദേവന്റെ 5 മന്ത്രിമാരുടെ സമ്മതത്തോടെ ,അവർ നിർമ്മിച്ച ബസതിയിലെ ഗുരു ബേഹൂരുവിലെ മൂലസംഘദേശികഗണ ത്തിലും പൊട്ടഗഗഛത്തിലും പെട്ട അഷ്ടോപവാസിഭാലരന് കൊടുത്തു. വാവനയ്യൻ എഴുതി. രച്ചോജൻ കൊത്തിവെച്ചു.

185. ബദനേഹാലു പശുക്കളുടെ തൊട്ടിക്കടുത്ത് സ്ലാബ്. 1055. ചാലൂക്യത്രൈലോക്യമല്ലദേവൻ സാമന്തൻ വീരനോലംബപല്ലവപെരുമാനടി സിന്ധവാടി 1000 വാഴുന്നു. പെർഗഡേ വീരരാക്ഷസൻ ......രായന്റെ കൽപ്പനപ്രകാരം കവുത്തലു 12ല് നെറിലബടലപാലുവിൽ കിണറുണ്ടാക്കി. 12 മാത്ര ഭൂമി ദാനം ചെയ്തു.

186. കൊഗളിബസതിക്കു മുമ്പിലെ സ്ലാബ്. 1055. ചാലൂക്യത്രൈലോക്യമല്ലദേവ. കൊഗളി ഇട്ടഗേയിലെ ഇന്ദ്രകീർത്തിമുനീന്ദ്രനെന്ന ഗുരുവിന് ബസതിയിൽ വിദ്യാസ്ഥാപനത്തിനു വിട്ടുകൊടുത്തു. ഗാംഗേയരാജാവ് ദുർവ്വിനീതനാണ് ബസതി മുമ്പ് നിർമ്മിച്ചത്.

187. ഹിരേഗഡഹല്ലി ഭീമേശ്വരദീനേശ്വരക്ഷേത്രത്തിനു മുമ്പിൽ. 1057. ചാലൂക്യത്രൈലോക്യമല്ലദേവൻ വംശാവലി. തൈലപപുത്രൻ സത്യാശ്രേയൻ, മക്കളായ വിക്രമൻ ,അയ്യണൻ, ജയസിംഹൻ. ജയസിംഹപുത്രൻ ആഹവമല്ലദേവൻ. അദ്ദേഹത്തിന്റെ പുത്രന്മാരായ സോമനും വിക്രമാദിത്യഗംഗപെരുമാനടിയും. (ഇദ്ദേഹം ഗംഗാവാടി 96000 വനവാസി 12000 നോലംബവാടി 32000 എന്നിവയുടെ കുമാരനായി, യുവരാജാവായി ഭരിക്കുന്നു.)അക്കാലത്ത് പൊസവഡങ്കിലേ ഗ്രാമത്തിലെ ബ്രാഹ്മണമഹാജനങ്ങളിൽ ത്രിവിക്രമദേവനും മക്കൾ നക്കലിമയ്യയും ദേമരശനും ഉണ്ട്. വിടചക്രവർത്തി എന്നറിയുന്ന ദേമരശൻ മഹാമാത്യനാണ്. ക്ഷേത്രം പണിത് നിലം പൊസവങ്കലേ മഹാജനങ്ങൾക്ക് വിട്ടുകൊടുത്തു. 500 ബിലന്ദു 120 മഹാജനം എണ്ണമില്ല് ഇവയുടെ വരവും വിട്ടുകൊടുത്തു. ചാലൂക്യ.വിജയവർഷം 31 സർവ്വജിത്ത് 1108 ദണ്ഡനായകൻ അത്തിമരശൻ ,ചക്കരശപുത്രൻ ഉദയാദിത്യരശൻ, ചന്ദ്രരാശപുത്രൻ ഭരദ്വാജഗോത്രം ശങ്കരമയ്യ, വീരവിഷ്ണു ത്രിഭുവനഹോയ്ശലദേവ, ബെലറ്റയിലെ ശങ്കരനായക, ശാന്തിവർമ്മയ്യ നായകൻ ഇവരും ദാനം ചെയ്തു. ദേമരശന്റെ ശാസനപ്രകാരം ഉദയാദിത്യനാണ് ക്ഷേത്രം പണിയിച്ചത്.

188. കുർണ്ണൂൽജില്ല കോട്ടപ്പള്ളിക്കടുത്ത് കുന്നിൻമുകളിലെ കൊല്ലം ഭാരതിക്ഷേത്രത്തിനടുത്ത്. 1057.ത്രൈലോക്യമല്ലദേവനും രാജ്ഞി മയിലാദേവിയും ബല്ലവഅരശനും കൂടി ശ്രീശൈലത്തിൽ വന്നു. മല്ലികാർജ്ജുനന്റെ മുന്നിൽ സുരേശ്വരപണ്ഡിതന്റെ കാൽ രാജ്ഞി ഒഴിച്ചുകൊടുത്ത തീർത്ഥജലം കൊണ്ട് കഴുകി. കണ്ണേ 300ലെ ദുദ്ദിയാലഗ്രാമം, കൊല്ലത്തെ ശ്രീശൈലത്തിന്റെ പടിഞ്ഞാറെ വാതിലിലെ സ്വയംഭൂഭൈരവദേവന്റെ സേവനത്തിനും ഭോജനശാലക്കുമായി ദാനം ചെയ്തു. ശ്രീപുരഗ്രാമം സാരംഗേശ്വരപൂജക്കും ജൈനശാലക്കും കുരുക്കുണ്ടേ ഗ്രാമം ഇന്ദ്രേശ്വരദേവപൂജനത്തിനും ഭോജനശാലക്കുമായി വിട്ടുകൊടുത്തു.

189. രംഗപുരം നരസിംഹസ്വാമിക്ഷേത്രപ്രവേശനദ്വാരത്തിലെ സ്ലാബ്. ചാലൂക്യത്രൈലോക്യമല്ലദേവ. മൊഗോല മഹാജനം 23 മാത്ര ഭൂമി നരസിംഹദേവനും മറ്റു ഭൂമി ഗണപതിദേവനും പൂജക്കായി ദാനം.

190. ശിവപുരം മല്ലേശ്വരക്ഷേത്രം.1057. ചാലൂക്യത്രൈലോക്യമല്ലദേവ. മല്ലികാര്ജ്ജുനക്ഷേത്രസന്ദർശനവേളയിൽ മയിലാളദേവി എന്ന പട്ടമഹിഷിയും ബല്ലവരശനും കൂടെ വന്നു. ഭൈരവദേവന് ശിവപുരവും മറ്റ് ഗ്രാമങ്ങളും സൌജന്യഭക്ഷണത്തിന് ഒരു സത്രവും വിദ്യാഭ്യാസ സ്ഥാപനത്തിനായി വിട്ടുകൊടുത്തു.

191. പുലക്കുർത്തി ശിവക്ഷേത്രത്തിനുമുമ്പിൽ. 1058. ചാലൂക്യത്രൈലോക്യമല്ലദേവൻ കോലൂരുവിലിരുന്ന് ഭരിക്കുന്നു. മഹാസാമന്ത ബച്ചരശ കരികാലവംശത്തിലെ കോനരശൻ, ഭീമരശൻ അയ്യനവാടി 300 കണിയക്കല്ലു 300 ഇവ ദിഗ്ഗിഗെയിലെ നെലെവിടു നിന്നു ഭരിക്കുന്നു.ദണ്ഡനായക ഗോപണ്ണന്റെ അപേക്ഷപ്രകാരം മഹാസാമന്ത ബച്ചരശനും മറ്റും വെമുലവാട പുലുക്കുർക്കെയിലെ മഹാജനങ്ങൾക്ക് ഭൂമി ദാനം.

192. ദൊനെക്കല്ലു ഭോഗേശ്വരക്ഷേത്രം. 1059-60. ചാലൂക്യത്രൈലോക്യമല്ലദേവൻ കാലം. മഹാമണ്ഡലേശ്വരൻ ചിട്ടണ്ണ ചോളമഹാരാജ സിന്ധവാടി 1000 ഭരിക്കുന്നു. തെക്കോട്ടുള്ള ഒരു സൈനികനീക്കത്തിൽ, സബ്ജരശൻ കൊണ്ടക്കുണ്ടേ ഭരിക്കുമ്പോൾ, ചിട്ടയ്യ,ജക്കയ്യ എന്ന 2 ബ്രാഹ്മണർ നിജ്ജരഗവുണ്ട , ചളികഗവുണ്ട. ചണ്ഡലഗവുണ്ട എന്നിവരുടെ ഉമ്പളിനിലം പിടിച്ചെടുത്ത് 3 വർഷം സ്വന്തമാക്കിവെച്ചു. 3 ഗൌണ്ടരും ബ്രാഹ്മണരെ ആക്രമിക്കാനുറച്ചു. വ്യവസ്ഥ ഒരാൾ മരിക്കുന്നപക്ഷം മൂന്നിലൊന്നുഭാഗം മറ്റുരണ്ടുപേരും അനന്തരാവകാശിക്ക് കൊടുത്തിരിക്കണമെന്നായിരുന്നു. നിജ്ജരഗൌണ്ടൻ മരിച്ചുവീണു. മകൻ മാച്ചിഗൊണ്ടന് അവന്റെ ഓഹരി കൂടാതെ മൂന്നിലൊന്നും കൊടുത്തു. അതിലെ 5 മാത്ര അവൻ ഇരുമ്പുപണിക്കാരൻ ജക്കോജനും 5 മാത്ര ആശാരി ബിന്ദോജനും കൊടുത്തു.

193. ഹിരേമംഗലഹേരി ചിറയിൽ, 1059. ചാലൂക്യക്രൈലോക്യമല്ലദേവകാലം. മഹാമണ്ഡലേശ്വരസിംഹണദേവൻ ഉച്ചാരിഗി 30 ഭരിക്കുന്നു . മൊനഗേരി സ്വയംഭൂദേവന് ആര്യദേവശിഷ്യ ൻ മുരുജാവിപണ്ഡിതന്റെ (സ്വയംഭൂത്രികൂടേശ്വരക്ഷേത്രത്തിലെ ആചാര്യൻ)കാലുകഴുകി നൽകിയ ഭൂദാനം.

194. അതേ സ്ലാബ്. 1061. ചാലൂക്യത്രൈലോക്യമല്ലദേവകാലം. ദണ്ഡനായക കേശിമയ്യ കദംബലികേ 1000ത്തിലെ മേഘനന്ദാരേ ഭരിക്കുന്നു. അദ്ദേഹം സ്വയംഭൂകലിദേവനു നൽകിയ ഭൂദാനം. കവി ബ്രഹ്മദേവൻ എഴുതിയത്.

195. ഉച്ചാംഗിദുർഗ്ഗയിൽ തവകേശ്വരസ്വാമിക്ഷേത്രത്തിനടുത്ത്. 1064. ചാലൂകേയആഹവമല്ലേശ്വര .വെങ്കിമണ്ഡലേശ്വരവിഷ്ണുവർദ്ധന മഹാരാജാ വിജയാദിത്യദേവ നോലംബവാടി 32000 ഭരിക്കുന്നു. ദണ്ഡനായകൻ മുഖരാജന്റെ അപേക്ഷപ്രകാരം ബിജ്ജലദേവൻ ഗലഗേശ്വരദേവന് കാലേശ്വരപണ്ഡിതന്റെ കാലുകഴുകി ഭൂദാനം. ഉച്ചാംഗികുന്നിന്റെ കിഴക്കുള്ള കാലിദേവക്ഷേത്രചരിത്രം- ദേവമയ്യൻ ഉച്ചാംഗി വാഴുമ്പോൾ അദ്ദേഹമാണ് ക്ഷേത്രാധിഷ്ഠാനം പണിതത്. കിണറും പണിതു. രാജകൽപനയാൽ ദണ്ഡനായകൻ നാഗദേവയ്യ, ഏറകപയ്യ, മാരമയ്യ, സന്ധിവിഗ്രഹി കാളിദാസഭട്ടൻ ഇവർ കാളി ദേവസേവക്ക് രവിഘട്ടം ദാനം ചെയ്തു.

196. മോരിഗെരെയിൽ ഉട്ടിബസവണ്ണക്ഷേത്രവരാന്ത.1064. വിഷ്ണുവർദ്ധനമഹാരാജാധിരാജവിജയാദിത്യദേവൻ വെങ്കിടമണ്ഡലാധി പതി. മൊരെഗെരെ---------ശ്വരപണ്ഡിതന്റെ കാലുകഴുകി പരമേശ്വര ദത്തി എന്ന നിലം ദാനം. വിജയാദിത്യന്റെ തെക്കൻ ആക്രമണകാലം. തന്ത്രപാലൻ മൈലയ്യ രാജാനുമതിയോടെ എഴുതിയത്.

